**2023 ഏപ്രിൽ 13 ന് രാവിലെ 10.30 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ. ഓൺലൈനായി ചേർന്ന കിലയുടെ ഇരുപത്തി മൂന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്**

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശാരദാ മുരളീധരൻ IAS<br>അഡീഷണൽ ചീഫ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ് | : | ചെയർപേഴ്സൺ |
| 2. | ശ്രീ. കെ എസ് അജയകുമാർ<br>അഡീഷണൽ സെക്രട്ടറി (ധനകാര്യം)<br>ധനകാര്യ വകുപ്പ് | : | മെമ്പർ |
| 3. | ശ്രീമതി ജ്യോത്സന മോൾ എസ്<br>ജോയിന്റ് ഡയറക്ടർ<br>തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ(Rural) പ്രതിനിധി | : | മെമ്പർ |
| 4. | ഡോ. ജോയ് ഇളമൺ<br>ഡയറക്ടർ ജനറൽ, കില | : | കൺവീനർ |

**ഐറ്റം നമ്പർ –01**

**2023 ഫെബ്രുവരി 20 തീയ്യതിയിലെ സംയോജിത കിലയുടെ ഇരുപത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**

20.02.2023 തീയ്യതിയിലെ കിലയുടെ ഇരുപത്തിരണ്ടാമത് കില എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നു. **(അനുബന്ധം–1)**

**തീരുമാനം**

**20.02.2023 തീയ്യതിയിലെ കിലയുടെ ഇരുപത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു**

## ഐറ്റം നമ്പർ – 02

**മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ**

| ACTION TAKEN REPORT ON THE DECISION OF THE 22nd EXECUTIVE COMMITTEE MEETING HELD ON 20/02/2023 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ -01**<br>**2022 ഒക്ടോബർ 19 തീയ്യതിയിലെ സംയോജിത കിലയുടെ ഇരുപത്തിയൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്**<br><br>**തീരുമാനം:**<br>19.10.2022 തീയ്യതിയിലെ കിലയുടെ ഇരുപത്തിയൊന്നാമത് എക്സിക്യൂട്ടീവ് കമ്മിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചു. | നടപടി പൂർത്തീകരിച്ചു. |
| **ഐറ്റം നമ്പർ -02**<br>**കിലയുടെ അടിസ്ഥാന സൗകര്യവികസനത്തിലേക്കായി ഭൂമി കില നേരിട്ട് ഏറ്റെടുക്കുന്നതിനായി സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.**<br><br>**തീരുമാനം**<br>കില ഭൂമി നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് കില എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.<br>1. കില നേരിട്ട് ഭൂമി വാങ്ങുകയാണെങ്കിൽ സെന്റ് ഒന്നിന് 1.67 ലക്ഷം രൂപ പ്രകാരം 9.03 ഏക്കർ സ്ഥലത്തിനു മൊത്തം 15.07 കോടി രൂപ ഭൂമിയുടെ വിലയിൽ കിലക്ക് ലാഭമുണ്ടാകും എന്ന് വിലയിരുത്തിക്കൊണ്ടും കിലയുടെ ഭാവി വികസനത്തിനായി ഭൂമി വാങ്ങേണ്ടത് അത്യന്താപേക്ഷിതമായതിനാലും 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ DCTSR/3041/2018-E4 കത്ത് പ്രകാരം ലാന്റ് അക്വിസിഷൻ നടപടികളിലൂടെ നിശ്ചയിച്ച ഭൂമി വിലയേക്കാളും കുറഞ്ഞ നിരക്കിന് ഭൂവുടമ സ്ഥലം കിലയ്ക്ക് നൽകുവാൻ തയ്യാറായതിനാലും ഭൂമി ഏറ്റെടുക്കുന്നതിലേക്കായി വകയിരുത്തിയിട്ടുള്ള തുക ഈ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതിനാലും കില ഭൂമി ഏറ്റെടുക്കുന്നതിനായി | എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം 22/02/2023 ന് 2018/101/588 നം കത്ത് സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചു. |

| | | |
|---|---|---|
| | വകയിരുത്തിയിട്ടുള്ള തുക (ഇതിനകം ലാന്റ് അക്വിസിഷൻ ഓഫീസറുടെ അക്കൌണ്ടിലേക്ക് അടച്ച തുക അടക്കം) ഉപയോഗിച്ച് വസ്തു നേരിട്ട് വാങ്ങിക്കാൻ എക്സിക്യൂട്ടിവ് കമ്മിറ്റി തീരുമാനിക്കുകയും അനുമതിക്കായി സർക്കാരിലേക്ക് വിശദമായ അപേക്ഷ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. തുടർനടപടി കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടിവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | |
| 2. | കില കാമ്പസിനോടും മെയിൻ റോഡിനോടും ചേർന്ന് കിടക്കുന്ന തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിലെ കില്ലന്നൂർ വില്ലേജിൽ സർവ്വേ നം. 538/1 539/1 540/1 543/1 എന്നിവയിൽ ഉൾപ്പെടുന്ന 3.6532 ഹെക്ടർ ഭൂമി 12/11/2021 തീയതിയിലെ ജില്ലാ കളക്ടറുടെ DCTSR/3041/2018-E4 കത്ത് മുഖേന നിജപ്പെടുത്തിയ അടിസ്ഥാന ഭൂമി വില സെന്റിന് 5.66 ലക്ഷം രൂപക്ക് (12% പലിശ , എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസ് മുതലായവ കൂടാതെ) പകരം ഭൂവുടമ അംഗീകരിച്ച സെന്റിന് 4 ലക്ഷം രൂപ പ്രകാരം കില നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ അഭിപ്രായം ആരായുന്നതിനും പ്രസ്തുത അഭിപ്രായം എക്സിക്യൂട്ടിവ് കമ്മിറ്റി ചെയർപേഴ്സണെ അറിയിക്കുന്നതിനുമായി എക്സിക്യൂട്ടിവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.ഇതിന്റെ അടിസ്ഥാനത്തിലാവണം തുടർനടപടികൾ. | കില ഭൂമി നേരിട്ട് വാങ്ങുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ അഭിപ്രായം ആരായുന്നതിലേക്കായി 20/02/2023 ന് 2018/101/588 നം കത്ത് നൽകുകയും 22-03-2023 തിയ്യതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ DCTSR/3041/2018/E4 നമ്പർ മറുപടി കത്ത് പ്രകാരം കില വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഡയറക്ട് പർച്ചേയ്സ് മുഖേന ഏറ്റെടുക്കുന്നതിന് നിലവിലെ നിയമവശങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യതയില്ലെന്നും, എന്നാൽ കിലയുടെ ഭരണപരമായ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ (ബി) വകുപ്പിൽ നിന്നുള്ള 21.03.2023 തീയതിയിലെ Rev-B2/116/2019/Rev നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |
| 3. | രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകാൻ സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു. തുടർനടപടി കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടിവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷ . 22/02/2023 ന് 2018/101/588 നം കത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 4. | ലാന്റ് അക്വിസിഷനുവേണ്ടി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അടച്ച 12.84 കോടി രൂപ LAAR act പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ്, മറ്റ് അനുബന്ധ ചാർജ്ജുകളും ഒഴിവാക്കി പ്രസ്തുത തുക | ലാന്റ് അക്വിസിഷനുവേണ്ടി ലാൻഡ് അക്വിസിഷൻ ഓഫീസറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിലേക്ക് അടച്ച 12.84 കോടി രൂപ LAAR act പ്രകാരമുള്ള എസ്റ്റാബ്ലിഷ്മെന്റ്, മറ്റ് അനുബന്ധചാർജ്ജുകളും ഒഴിവാക്കി |

| | |
|---|---|
| കിലക്ക് തിരികെ ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചു. തുടർ നടപടി കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടിവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.<br>മേൽ തീരുമാനങ്ങൾക്ക് അനുസൃതമായി ഭൂമി വാങ്ങുന്നതിനുള്ള തുടർ നടപടി കൈക്കൊള്ളുന്നതിനായി എക്സിക്യൂട്ടിവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | പ്രസ്തുത തുക കിലക്ക് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ 22/02/2023 ന് 2018/101/588 നം കത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട് |

ACTION TAKEN REPORT ON THE DECISION OF THE 21st EXECUTIVE COMMITTEE MEETING HELD ON 19/10/2022

| Executive Committee Decision | Action Taken |
|---|---|
| **ഐറ്റം നമ്പർ – 02**<br><br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br>തീരുമാനം:<br>മുൻ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി അംഗീകരിക്കുകയും താഴെപ്പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.<br>20/08/2022 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം – ഐറ്റം നമ്പർ : 08–<br>ശ്രീ സാജൻ പീറ്റർ, ലൈബ്രറി അറ്റന്റന്റ് കില – ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 23599/2022 കേസിൽ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കില എക്സിക്യൂട്ടീവ് കമ്മറ്റിക്ക് വേണ്ടി ശ്രീ സാജൻ പീറ്ററെ നേരിൽ കേൾക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിനെത്തുടർന്ന് ടിയാനെ നേരിൽ കേട്ടതിന് ശേഷം ശുപാർശ സഹിതമുള്ള റിപ്പോർട്ട് കില എക്സിക്യൂട്ടീവ് കമ്മറ്റി ചെയർപേഴ്സൺ (അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്) മുമ്പാകെ പഞ്ചായത്ത് ഡയറക്ടർ 19/10/2022 തീയതിയിൽ സമർപ്പിച്ചു. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് 19/10/2022 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുകയും ടി റിപ്പോർട്ട് പ്രകാരം തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. | 19/10/2022 ലെ പഞ്ചായത്ത് ഡയറക്ടറുടെ ഹിയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 01/11/2022 ലെ ജി.ഒ(ആർ.ടി) നം 2653/2022/ തസ്വഭവ നം ഉത്തരവ് പ്രകാരം ശ്രീ.സാജൻ പീറ്റർ അച്ചടക്ക നടപടിക്കെതിരെ കില എക്സിക്യൂട്ടീവ് കമ്മറ്റി ചെയർമാൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുള്ളതാണ്. |

| ACTION TAKEN REPORT ON THE DECISION OF THE 20th EXECUTIVE COMMITTEE MEETING HELD ON 20/08/2022 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ -02**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br><br>**തീരുമാനം:**<br>1). മുൻ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി അംഗീകരിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. | |
| 2). **05/02/2022 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം - ഐറ്റം നമ്പർ – 18–**<br>കില ജീവനക്കാർക്ക് സമഗ്ര ആരോഗ്യ പരിരക്ഷ നടപ്പാക്കുന്നത്-അനുമതി സംബന്ധിച്ച് കില ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപെടുത്തിക്കൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി താല്പര്യമുള്ള ജീവനക്കാരുടെയും കുടുബാംഗങ്ങളുടെയും വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി. | കില ജീവനക്കാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ 36 ജീവനക്കാരേയും കുടുംബാംഗങ്ങളേയും ഉൾപെടുത്തി ക്കൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി SBI ജനറൽ ഇൻഷ്വറൻസുമായി ചേർന്ന് നടപ്പാക്കി. ആകെ 7,13,265/- രൂപ വാർഷിക പ്രീമിയം കില അടയ്ക്കുകയും ആയത് 12 ഗഡുക്കളായി 36 ജീവനക്കാരിൽ നിന്നും ഈടാക്കി ക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. 2023 ഏപ്രിൽ മാസം മുതൽ ഈ പദ്ധതി പ്രാബല്യത്തിലായിട്ടുണ്ട്. |
| 3). **10/08/2021 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനം - ഐറ്റം നമ്പർ – 17–**<br>പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സേവനം ലഭ്യമാകുന്നത് സംബന്ധിച്ച് – തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന് കില KIIFB പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുഖേനയുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തികളുടെ ചുമതല ഉണ്ടാകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. ടി വിഷയം | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിന് കില KIIFB പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുഖേനയുള്ള സ്കൂളുകളുടെ നിർമ്മാണ പ്രവർത്തികളുടെ ചുമതല ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്കായി വിശദമായ കത്ത് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| സംബന്ധിച്ച വിശദമായ നോട്ട് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി | |
| **ഐറ്റം നമ്പർ : 03**<br>കില - തളിപ്പറമ്പ് ക്യാമ്പസ് അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിക് പഠന കേന്ദ്രമാക്കി ഉയർത്തുന്നത് - സംബന്ധിച്ച്<br>**തീരുമാനം:**<br>1).കില തളിപ്പറമ്പ അന്താരാഷ്ട്ര നേതൃപഠന കേന്ദ്രത്തിന് കീഴിലുള്ള പോസ്റ്റ് ഗ്രാജ്ജ്വേറ്റ് കോളേജിലാരംഭിക്കുന്ന മൂന്ന് പിജി കോഴ്സുകളും മികച്ച നിലവാരത്തിലും വീഴ്ചകൂടാതെയും നടപ്പാക്കേണ്ടതുണ്ടെന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി.<br>2).അക്കാദമിക വിഭാഗത്തിന്റെതലവനായി (Head) ഡയറക്ടർ / പ്രിൻസിപ്പാൾ, കോർ ഫാക്കൽറ്റി അംഗങ്ങൾ, എന്നിവരുടെ നിയമനം, കാര്യക്ഷമമായി കോഴ്സ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും ഘട്ടം ഘട്ടമായി തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. | അന്താരാഷ്ട്ര പഠന കേന്ദ്രം സംബന്ധിച്ച വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി |
| **ഐറ്റം നമ്പർ : 04**<br>കില – ഓഡിറ്റോറിയം നവീകരണം – പ്രവർത്തന പുരോഗതി – സംബന്ധിച്ച്<br>**തീരുമാനം:**<br>കില ഓഡിറ്റോറിയം നവീകരണം സംബന്ധിച്ച നാളിതുവരെ സ്വീകരിച്ച പ്രവർത്തികൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. കരാറിൽ ഉൾപ്പെടാത്ത പ്രവർത്തികൾ PWD Electronics വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. | കില ഓഡിറ്റോറിയം നവീകരണം പൂർത്തീകരിച്ചു. സർക്കാരിന്റെ നൂറ് ദിന പരിപാടിയുടെ ഭാഗമായി 23/04/2023 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നവീകരിച്ച ആഡിറ്റോറിയത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |

| | |
|---|---|
| **ഐറ്റം നമ്പർ – 05**<br>കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് നൽകിയ കെട്ടിടങ്ങൾ – സംബന്ധിച്ച്<br><br>**തീരുമാനം:**<br>കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നടത്തിപ്പ് ആവശ്യങ്ങൾക്കായി താൽകാലികമായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് വാടകയായി Square feet ന് പത്ത് രൂപ നിരക്കിൽ പ്രതിമാസം 1,29,040 രൂപ എന്നത് എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. എന്നാൽ പ്രസ്തുത സ്കൂളുകൾ പ്രധാനമായും ആദിവാസി വിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി കൊണ്ടുള്ളതിനാൽ ആവശ്യമെങ്കിൽ ട്രൈബൽ വകുപ്പുമായി ചർച്ച ചെയ്ത് ടി വകുപ്പിന്റെ ധനപരമായ പരിമിതികൾ പരിഗണിച്ചുകൊണ്ട് ഒരു ലക്ഷം രൂപയിൽ കുറയാതെയുള്ള തുക നിശ്ചയിച്ച് കരാറിൽ ഏർപ്പെടുന്നതിന് ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം ട്രൈബൽ വകുപ്പുമായി കരാറിൽ ഏർപ്പെടുകയും പ്രതിമാസം 1,23,000/- രൂപ നിരക്കിൽ വാടക ലഭിക്കുന്നുണ്ട്. |
| **ഐറ്റം നമ്പർ –06**<br>കിലയിൽ കരാർ ഏറ്റെടുത്തു നടത്തുന്ന ഏജൻസികളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്നവരുടെ EPF ആനുകൂല്യം – കുടിശ്ശിക തുക അടച്ചത് തിരിച്ചുപിടിക്കുന്നത്– സംബന്ധിച്ച്<br>**തീരുമാനം:**<br>ബഹു. Central Government Industrial Tribunal-Cum-Labour Court, Ernakulam – ന്റെ വിധിയുടെ അടിസ്ഥാനത്തിൽ കില അടച്ച EPF ബാധ്യത തുക വിജയ ശ്രീ കുടുംബശ്രീ കാന്റീൻ യൂണിറ്റിൽ നിന്നും All Kerala Ex-servicemen and Security Force Charitable Trust, Guruvayur – എന്നിവരുടെ അപേക്ഷകൾ സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിൽ ഈ ഏജൻസികളിൽ സേവനം അനുഷ്ഠിച്ചിരുന്നവരും നിലവിൽ തുടർന്ന് വരുന്നവരുമായ വ്യക്തികളിൽ നിന്നും ആനുപാതികമായി കുടിശ്ശിക തുക 12 ഗഡുക്കളായി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി | എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട് |

| | |
|---|---|
| എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. അതോടൊപ്പം സെപ്റ്റംബർ 2014 മുതൽ നവംബർ 2016 വരെയുള്ള കാലഘട്ടത്തിലെ സേവനം അനുഷ്ഠിച്ചിരുന്നവരും എന്നാൽ നിലവിൽ ഈ ഏജൻസിയിൽ സേവനത്തിലില്ലാത്തവരുമായ വ്യക്തികളിൽ നിന്നും ആനുപാതികമായി കുടിശ്ശിക തുക ഈടാക്കുന്നതിന് പരിശ്രമം തുടരുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി. | |
| **ഐറ്റം നം. 14**<br>കില തദ്ദേശകം – സ്റ്റുഡിയോ സ്ഥാപിക്കുന്നത് സംബന്ധിച്ച്<br>**തീരുമാനം :**<br>കിലയുടെ തനത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. GeM പോർട്ടലിൽ ലഭ്യമായ ഉപകരണങ്ങൾ GeM പോർട്ടൽ മുഖാന്തിരവും GeM പോർട്ടലിൽ ലഭ്യമല്ലാത്തവ ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെയും വാങ്ങുന്നതിനും തീരുമാനിച്ചു. സ്റ്റുഡിയോ സജ്ജീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി . | സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി ആവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്നതിനും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വാങ്ങുന്നതിനും ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പർച്ചേസ് കമ്മറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത പർച്ചേസ് കമ്മറ്റിയുടെ യോഗം 11/08/2022 , 20/09/2022 തീയതി കളിലായി നടക്കുകയുണ്ടായി വേണ്ട ഉപകരണങ്ങളുടെയും സിവിൽ, ഇലക്ട്രിക്കൽ പ്രവർത്തികളുടെയും ടെക്നിക്കൽ സ്പെസിഫിക്കേഷൻ തയ്യാറാക്കി മേൽ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ടെണ്ടർ നടപടികൾ ആരംഭിച്ചു.<br><br>**പർച്ചേസ് കമ്മിറ്റി അംഗങ്ങൾ** –<br>Mr. Mohan Kumar (Ex CDIT), T Krishnanunni (Rtd. Sound Engineer, chithranjali Studio), Mr. SAJI. R (Studio in Charge of Chethana studio ) Mr. Mirash O S (System Administrator, KILA) (Convenor), Mr. K.K. Sukumaran (Consulting Engineer KILA), Assistant Director KILA, Mr. Abdul Samad K P ( Overseer KILA) Mr. Davis NT (Overseer KILA) |

| ACTION TAKEN REPORT ON THE DECISION OF THE 19th EXECUTIVE COMMITTEE MEETING HELD ON 30/04/2022 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **ഐറ്റം നമ്പർ – 06**<br>കില ആസ്ഥാനത്ത് പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് – സംബന്ധിച്ച്<br><br>**തീരുമാനം :**<br>(1) കില ആസ്ഥാനത്ത് പുതിയ കോഴ്സുകൾ/ കോളേജ് തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. കാലിക്കറ്റ് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി | തൃശ്ശൂർ കില ക്യാമ്പസ്സിൽ അന്താരാഷ്ട്ര നിലവാരമുള്ള രണ്ട് പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകളായ MA Gender & development studies, MA Rural Development & Governance എന്നിവ തുടങ്ങുന്നതിന്റെ ഭാഗമായി ഒരു പുതിയ കോളേജ് ആരംഭിക്കുന്നതിനും കോഴ്സുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനുമായി 29/04/2022ന് കാലിക്കറ്റ് സർവ്വകലാശാല രജിസ്ട്രാർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇതോടൊപ്പം അപേക്ഷ ഫീസായി ₹28,110/- അടച്ചിട്ടുണ്ട്. തുടർന്ന് സമർപ്പിച്ച അപേക്ഷയിന്മേലുള്ള ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കേണ്ട രേഖകളുടെ ലിസ്റ്റ് ലഭ്യമായത് പ്രകാരം ആയതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (2) അർബൻ ഗവേണൻസുമായി ബന്ധപ്പെട്ട സ്പെഷലൈസ്ഡ് കോഴ്സുകൾ കൂടി ആരംഭിക്കുന്നതിന് നിർദ്ദേശിച്ചു | പുതിയ കോഴ്സുകൾ സംബന്ധിച്ച സർവ്വകലാശാലയുമായുള്ള ചർച്ചയിൽ അർബൻ ഗവേണൻസുമായി ബന്ധപ്പെട്ട സ്പെഷലൈസ്ഡ് കോഴ്സുകൾ കൂടി പരിഗണിക്കുന്നതാണ്. |

| ACTION TAKEN REPORT ON THE DECISION OF THE 18th EXECUTIVE COMMITTEE MEETING HELD ON 05/02/2022 | |
|---|---|
| Executive Committee Decision | Action Taken |
| **ഐറ്റം നമ്പർ – 02**<br>മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ<br><br>**തീരുമാനം :**<br><br>22.02.2021 ലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി മിനിറ്റ്സ് ഐറ്റം നമ്പർ 2 (1) പ്രകാരം ശ്രീ. അജയകുമാർ.വി (അഡീഷണൽ ഡവലപ്പ്മെന്റ് കമ്മീഷണർ (റിട്ട ) ക്ക് കിലയിൽ നിന്ന് നൽകിയ ശമ്പള പരിഷ്കരണ കുടിശ്ശിക തുക കിലയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. | ശമ്പള പരിഷ്കരണ കുടിശ്ശിക ഇനത്തിൽ നൽകിയ **2,17,349/-രൂപ 27.03.2023 ന് കിലയ്ക്ക് ലഭിച്ചിട്ടുണ്ട്.** |

| ACTION TAKEN REPORT ON THE DECISION OF THE 13th EXECUTIVE COMMITTEE MEETING HELD ON 22/02/2021 | |
|---|---|
| **Executive Committee Decision** | **Action Taken** |
| **അദ്ധ്യക്ഷ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ**<br>**ഐറ്റം നമ്പർ –01**<br>പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് – സംബന്ധിച്ച്<br>**തീരുമാനം**<br>ലൈഫ് മിഷനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിലയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. | ആദ്യ കരട് റിപ്പോർട്ട് തയ്യാറാക്കുകയും കൂടുതൽ ഡാറ്റാ ആവശ്യമായ സാഹചര്യത്തിൽ ആയത് ലൈഫ് മിഷനിൽ നിന്നും ശേഖരിച്ച് വരികയാണ്. കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |

**തീരുമാനം**

**മുൻ എക്സിക്യൂട്ടീവ് കമ്മറ്റി യോഗ തീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് സംതൃപ്തി രേഖപ്പെടുത്തി. ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി**

**ഐറ്റം നം-3**

**1) 2022 – 23 ലെ സർക്കാർ ധനസഹായം- കില ഗ്രാന്റ് ഇൻ എയ്ഡ് പ്ലാൻ – തുക ലഭിക്കാത്തതിനാൽ ഭരണാനുമതി ലഭ്യമായ വാർഷിക പദ്ധതിയിലെ പരിശീലനവും അനുബന്ധ പദ്ധതികളും നടപ്പാക്കുന്നതിലേക്കായി വിവിധ പ്രോജക്ടുകളിൽ നിന്ന് മുൻകൂർ തുക എടുക്കുകയും ആയത് ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച്**

2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾക്കായി **2411.71 ലക്ഷം രൂപ**യുടെ ഭരണാനുമതി 21/05/2022 തീയതിയിലെ സ.ഉ(സാധാ) നം. 1268/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമായിട്ടുണ്ട്.

27/10/2022 തീയതിയിലെ സ.ഉ (സാധാ) നം. 2603/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിലെ അലോക്കേഷൻ പരിധി മൊത്തം പ്രൊവിഷന്റെ 48% ആയി നിശ്ചയിച്ച് 2515-00-003-99-00-36 (പി) എന്ന ശീർഷകത്തിൽ **903.87 ലക്ഷം രൂപ** ആദ്യ ഗഡുവായി അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക 24/11/2022 തീയതിയിൽ തൃശ്ശൂർ ജില്ലാ ട്രഷറിയിൽ കില ഡയറക്ടർ ജനറലിന്റെ പേരിലുള്ള അക്കൗണ്ടിൽ ലഭ്യമാക്കുകയും ചെയ്തു.

2022-23 സാമ്പത്തിക വർഷാരംഭം മുതൽ തന്നെ സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രാദേശിക സർക്കാരുകളുടെ കാര്യശേഷി വികസനം ലക്ഷ്യമാക്കിക്കൊണ്ടും സർക്കാരിന്റെ വിവിധ പദ്ധതികൾ കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ, ഓൺലൈൻ കോഴ്സുകൾ, ഫാക്കൽറ്റി/റിസോഴ്സ് അംഗങ്ങൾക്കുള്ള വർക്ക്ഷോപ്പുകൾ, ലൈവ് സ്ട്രീമിംഗ് പ്രോഗ്രാമുകൾ, ജില്ലാതല പരിശീലനങ്ങൾ, ഇന്റർനെറ്റിലെ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിവിധ ശില്പശാലകൾ എന്നിവ കില നടത്തി വരുന്നു. കൂടാതെ SRG യിലെ ചെലവുകൾ , പ്രിന്റിംഗ് ചാർജ് , DPC nominees, Dist. Facilitators എന്നിവരുടെ മാസ വേതനം , IPPL college ന്റെ ചെലവുകൾ എല്ലാം വഹിച്ചുവരുന്നു .

കില ഒരു ശ്രേഷ്ഠ സ്ഥാപനമാക്കുന്നതിന്റെ ഭാഗമായി അഗളിയിലുള്ള മുൻ അഹാഡ്സ്-സി.സി.പി.ആർ.എം, കൊട്ടാരക്കരയിലുള്ള മുൻ എസ്.ഐ.ആർ.ഡി, കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവിടങ്ങളിലെ മുൻ ഇ.ടി.സി. സെന്ററുകളും കിലയിലേക്ക് സംയോജിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ കിലയുടെ പ്രവർത്തനമേഖല വളരെയധികം വിപുലീകരിച്ചിരിക്കുകയാണ്.

മേൽ പരിശീലനങ്ങൾ നടത്തുന്നതിലേക്കായി സർക്കാർ ധനസഹായം കിലക്ക് സമയബന്ധിതമായി ലഭ്യമാക്കാത്തതിനാൽ ടി പരിപാടികളുടെ നടത്തിപ്പിലേക്കായി കിലയിൽ ലഭ്യമായ വിവിധ പ്രോജക്ടുകളുടെ ഫണ്ടുകളിൽ നിന്നും മുൻകൂർ തുക എടുത്താണ് ചെലവഴിച്ചിട്ടുള്ളത്. ടി പ്രോജക്ട് ഫണ്ടിലേക്ക് തുക തിരികെ അടച്ച് ആയത് ക്രമവൽക്കരിക്കുന്നതിലേക്കായി നടപടികൾ പൂർത്തികരിച്ച് തൃശ്ശൂർ ജില്ലാ ട്രഷറിയിൽ 28/11/2022 തീയതിയിൽ ചെക്ക് സമർപ്പിച്ചു. എന്നാൽ ധനകാര്യ വകുപ്പിന്റെ 16/04/2018 തീയതിയിവെ G.O (P) No. 62/2018 നമ്പർ ഉത്തരവ് പ്രകാരം PSTSB

അക്കൌണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് മാത്രമേ തുകകൾ വരവ് വെച്ച് നൽകുവാൻ സാധിക്കുകയുള്ളൂ എന്നും കില ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് തുകകൾ വരവ് വെക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുവാദം ലഭ്യമാക്കുന്ന പക്ഷം സാധ്യമാണെന്നും അറിയിച്ചുകൊണ്ടുള്ള തൃശ്ശൂർ ജില്ലാ ട്രഷറിയിൽ നിന്നുള്ള 29/11/2022 തീയതിയിലെ ജി2/6913/2022 നമ്പർ പ്രകാരമുള്ള കത്ത് കിലയിൽ ലഭിച്ചിട്ടുണ്ട്.

കില ഡയറക്ടറുടെ പേരിൽ തൃശ്ശൂർ ജില്ലാ ട്രഷറിയിലുള്ള 799012700000132 നമ്പർ PSTSB അക്കൌണ്ടിൽ നിന്നും പ്രോജക്ടുകളിലേക്ക് തിരിച്ചടക്കാനുള്ള മുൻകൂർ തുകയായ **903.87 ലക്ഷം രൂപ** MKSP, KIIFB എന്നീ പ്രൊജക്ടുകളുടെ അക്കൗണ്ടുകളിലേക്ക് തിരിച്ചടയ്ക്കുന്നതിനായി സർക്കാരിന്റെ പ്രത്യേക അനുമതി സ.ഉ.(സാധാ) നം.206/2023/LSGD 24.01.2023 തീയതിയിലെ സർക്കാർ ഉത്തരവ് ലഭ്യമാക്കിയതിനെ തുടർന്ന് പ്രസ്തുത തുക അതാത് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അനുമതി LSGD-IB2/64/2023-LSGD 31.03.2023 തീയതിയിൽ ലഭിച്ചെങ്കിലും തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. എന്നാൽ 31.03.2023 ന് വൈകിട്ട് ടി തുക സർക്കാർ തിരിച്ചെടുക്കുകയും ചെയ്തു.

2022-23 സാമ്പത്തിക വർഷത്തിൽ 1586.57 ലക്ഷം രൂപ കില വിവിധ പരിശീലനങ്ങൾക്കും മറ്റ് അനുബന്ധ പദ്ധതികൾക്കുമായി ചെലവഴിച്ചു കഴിഞ്ഞു. **(അനുബന്ധം-2)** കൂടാതെ ജില്ലാതലങ്ങളിൽ നിന്നുള്ള കണക്കുകളും ലഭ്യമാക്കി കൊണ്ടിരിക്കുകയാണ്. ഗ്രാമലക്ഷ്മി മുദ്രാലയം, കാഞ്ഞിരോട് വീവേഴ്സ് എന്നീ വിവിധ ഏജൻസികൾക്കായി കിലയിൽ നിന്നും തുക നൽകുവാനുണ്ട്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് വിവിധ പ്രോജക്ട് അക്കൌണ്ടുകളിലേക്ക് തിരിച്ചടക്കേണ്ടതായ തുകയുടെ വിശദാംശം ചുവടെചേർക്കുന്നു.

| Sl No | Name of Project | Advance amount drawn (Rs. In Lakh) |
|---|---|---|
| 1 | MKSP | 780.00 |
| 2 | KIIFB | 123.87 |
| 3 | RGSY | 342.46 |
| | **Total** | **1246.33** |

കില ഒരു പരിശീലന സ്ഥാപനമായതിനാലും ഏപ്രിൽ മുതൽ പരിശീലനങ്ങൾ ആരംഭിക്കുമെന്നതിനാലും സർക്കാർ ധനസഹായത്തിന്റെ ആദ്യ ഗഡു കിലയ്ക്ക് ഏപ്രിൽ മാസത്തിൽ തന്നെ അനുവദിച്ചാൽ മാത്രമേ സർക്കാരിന്റെ മാനദണ്ഡ പ്രകാരം ചെലവുകൾ അതാത് ബെനിഫിഷ്യറിക്ക് നൽകി പരിശീലനങ്ങൾ നടപ്പിലാക്കാൻ സാധ്യമാകൂ എന്നത് കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു.

**2022 - 23 ലെ സർക്കാർ ധനസഹായം- കില ഗ്രാന്റ് ഇൻ എയ്ഡ് പ്ലാൻ - തുക ലഭിക്കാത്തതിനാൽ ഭരണാനുമതി ലഭ്യമായ വാർഷിക പദ്ധതിയിലെ പരിശീലനവും**

അനുബന്ധ പദ്ധതികളും നടപ്പാക്കുന്നതിലേക്കായി മേൽ പട്ടിക പ്രകാരം വിവിധ പ്രോജക്ടുകളിൽ നിന്ന് മുൻകൂർ തുക എടുത്ത് കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സാധൂകരണത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

2) 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

| | സർക്കാർ ധനസഹായം | ഭരണാനുമതി ലഭിച്ചത് | ചെലവായ തുക | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| | | തുക ലക്ഷത്തിൽ | | |
| 1 | കില ഗ്രാന്റ് ഇൻ എയ്ഡ്(പ്ലാൻ)2021-22 | 276.35 | 276.35 | 2021-22 സാമ്പത്തിക വർഷത്തിൽ 31/03/2022 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 276.35 ലക്ഷം രൂപ കാര്യശേഷി വികസനം ഉൾപ്പെടെയുള്ള പദ്ധതിക്ക് ചെലവഴിച്ചുകഴിഞ്ഞു. പ്രൊജക്റ്റ് ഫണ്ടിൽ നിന്നും മുൻകൂർ തുക എടുത്താണ് ആയതു നടപ്പിലാക്കിയത് പ്രസ്തുത തുക കിലക്ക് ലഭ്യമായിട്ടില്ല. അടിയന്തിരമായി ലഭ്യമാക്കണം. 01/11/2022 തീയതിയിലെ സ.ഉ (സാ.ധാ) നം 2659/2022/LSGD പ്രകാരം 376.35 ലക്ഷം അനുവദിച്ച് ഉത്തരവ് ആയെങ്കിലും തുക റിലീസ് ചെയ്യുന്നതിനായി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ)ന് 02.11.2022 ന് അപേക്ഷ സമർപ്പിച്ചെങ്കിലും നാളിതുവരെ തുക ലഭ്യമായിട്ടില്ല. (Section J5) |
| | | 627.02 | 202.79 | KILA Kottarakkara Centre. **44.24 ലക്ഷം രൂപ (പ്രവർത്തി പൂർത്തികരിച്ചു വരുന്നു**<br><br>For procurement of multifunction colour printer & high speed wired & wireless network document scanner **30.76 ലക്ഷം രൂപയാണ് .**<br><br>കില സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ഡെവലപ്പ്മെന്റ്, കൊട്ടാരക്കര **50.32 ലക്ഷം രൂപ പ്രവർത്തി പൂർത്തികരിച്ചു. ബില്ല് സമർപ്പിച്ചിരിക്കുന്നു**<br><br>കില സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ്, തളിപ്പറമ്പ **77.47 ലക്ഷം രൂപ പ്രവർത്തി പൂർത്തികരിച്ചു. ബില്ല് സമർപ്പിച്ചിരിക്കുന്നു**<br><br>ഇന്റർ നാഷണൽ ട്രെയിനിംഗ് ബ്ലോക്ക് - തളിപറമ്പ - Phase I 424.23 ലക്ഷം രൂപ - Tender നടപടി ആരംഭിച്ചു<br><br>12/12/2022 തീയതിയിലെ സ.ഉ (സാ.ധാ) നം 3081/2022/LSGD പ്രകാരം 200 ലക്ഷം |

| | സർക്കാർ ധനസഹായം | ഭരണാനുമതി ലഭിച്ചത് | ചെലവായ തുക | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|
| | | | | അനുവദിച്ച് ഉത്തരവ് ആയെങ്കിലും തുക റിലീസ് ചെയ്യുന്നതിനായി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ)ന് 15.12.2022 ന് അപേക്ഷ സമർപ്പിച്ചെങ്കിലും നാളിതുവരെ തുക ലഭ്യമായിട്ടില്ല(Section J5). |
| 2 | കില ഗ്രാന്റ് ഇൻ എയ്ഡ് (പ്ലാൻ)2022-23 | 2411.71 | 1586.57 | 21/05/2022 തീയതിയിലെ ജി.ഒ (ആർടി) /1268/2022-തസ്വഭ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2022 -23 സാമ്പത്തികവർഷത്തിലേക്ക് അനുവദിച്ച് ഭരണാനുമതി ലഭ്യമായ **2411.71** ലക്ഷം രൂപയിൽ ഒന്നാം ഗഡുവായി അനുവദിച്ച **903.87 ലക്ഷം രൂപ ലഭ്യമാക്കുന്നതോടൊപ്പം** രണ്ടാം ഗഡുവായി ബാക്കി 682.70 **ലക്ഷം രൂപ** അടിയന്തിരമായി അനുവദിക്കേണ്ടതുണ്ട്. **903.87 ലക്ഷം രൂപ** കിലയുടെ ട്രഷറി അക്കൗണ്ടിൽ ലഭ്യമായെങ്കിലും ട്രഷറി നിയന്ത്രണത്താൽ നാളിതുവരെ തുക ലഭിച്ചിട്ടില്ല (വെയ്സ് ആന്റ് മീൻസ് അപേക്ഷ നം 713/2023 പരിഗണിച്ചിട്ടില്ല). |
| | | 588.29 | | കില സമ്പൂർണ്ണ സോളാർ കാമ്പസ് ആക്കുന്നതിലേക്കായി 75 ലക്ഷം രൂപ ANERT ലേക്ക് അടിയന്തിരമായി അടക്കേണ്ടതുണ്ട്.<br><br>കിലയുടെ വിവധ സെന്ററുകളിൽ കമ്പ്യൂട്ടർ മറ്റനുബന്ധ സംവിധാനം ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചു . 123.29 **ലക്ഷം രൂപ** അടിയന്തിരമായി അനുവദിക്കേണ്ടതുണ്ട്<br><br>കില തളിപറമ്പ് കാമ്പസിൽ ഇന്റർനാഷണൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന്റെ നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഒന്നാം ഗഡുവായി 390 **ലക്ഷം രൂപ** അടിയന്തിരമായി അനുവദിക്കേണ്ടതുണ്ട് |
| 3 | കില CHRD-CSS- | 300<br><br>GoI-150<br><br>GoK-150 | 299.38 | CSS- GoI share 84.92 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു. സംസ്ഥാന സർക്കാരിന്റെ തുല്യ വിഹിതമായ 84.92 ലക്ഷം രൂപ ലഭിച്ചിട്ടില്ല. |

**മേൽ പട്ടിക പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ കിലയ്ക്ക് അനുവദിച്ച ധനസഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും തുടർനിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു.**

തീരുമാനം

ഐറ്റം നം-3 (i)

a) സംസ്ഥാന സർക്കാരിന്റെ നയരൂപീകരണത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും മാർഗ്ഗ നിർദ്ദേശം നൽകി വരുന്ന കില 2022-23 സാമ്പത്തിക വർഷത്തിലെ സർക്കാരിന്റെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ ശുചിത്വം, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിൽ സഭ തുടങ്ങി നിരവധി പരിശീല പരിപാടികൾ, ബഹു. ഹൈക്കോടതിയുടെ ഇടപെടൽ മുഖാന്തിരം സർക്കാരിന്റെ ഇ-ശുചിത്വവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ എന്നിവ സമയബന്ധിതമായും ഉത്തരവാദിത്തത്തോടെയും കില നടപ്പാക്കിയിട്ടുണ്ട് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് വിലയിരുത്തി.

b) 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ ധനസഹായ തുക ലഭിക്കാത്തതിനാൽ കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് വളരെ ഗൗരവവും പരിതാപകരവുമാണ് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി അഭിപ്രായപ്പെട്ടു. കിലയുടെ പ്രവർത്തനങ്ങൾ സാമ്പത്തിക വർഷാരംഭം മുതൽ തന്നെ തുടങ്ങുന്നതിന് നിലവിലെ രീതി പ്രായോഗികമല്ലെന്നും അത് കിലയുടേയും സംസ്ഥാനത്തെ വിവിധ കാര്യശേഷി വികസന പരിപാടികളേയും സാരമായി ബാധിക്കുമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി.

c) സർക്കാരിന്റെ ധസഹായം ലഭ്യമാകുമെന്ന പ്രതീക്ഷയിൽ സുസ്ഥിര വികസന സാക്ഷാത്ക്കാരം ഉൾപ്പെടെയുള്ള സർക്കാരിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട വിവിധ പരിശീലന പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിച്ചതിന് എക്സിക്യൂട്ടീവ് കമ്മിറ്റി കില ഡയറക്ടർ ജനറലിനെ അഭിനന്ദിച്ചു. ഈ സാഹചര്യത്തിൽ പരിശീലന പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എടുത്ത നടപടികളെ സാധൂകരിക്കുന്നതോടൊപ്പം തുടർന്നും പരിപാടി അഭംഗുരം തുടരാനുള്ള നടപടികൾ എടുക്കുന്നതിനും കില ഡയറക്ടർ ജനറലിന് എക്സിക്യൂട്ടീവ് കമ്മറ്റി അനുമതി നൽകി. 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ ധനസഹായം ലഭിക്കുന്ന മുറക്ക് ആയത് ചുവടെചേർത്തിട്ടുള്ള പട്ടിക പ്രകാരം അതാത് പ്രോജക്ടുകളിലേക്ക് തുക തരിച്ചടച്ച് ക്രമവൽക്കരിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിക്കുകയും ആവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

| Sl No | Name of Project | Advance amount drawn (Rs. In Lakh) |
|---|---|---|
| 1 | MKSP | 780.00 |
| 2 | KIIFB | 123.87 |
| 3 | RGSY | 342.46 |
| | Total | 1246.33 |

d) 31/03/2023 ന് കിലയുടെ ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക പൂർണ്ണമായും കിലക്ക് അടിയന്തിരമായി തിരികെ ലഭ്യമാക്കേണ്ടത് അനിവാര്യമാണ് എന്നത് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി. സർക്കാർ പിൻവലിച്ച തുക കിലക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ

കൈക്കൊള്ളുന്നതിന് കില എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ധനകാര്യ വകുപ്പ് പ്രതിനിധിയെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

ഐറ്റം നം-3 (2)

2021-22, 2022-23 സാമ്പത്തിക വർഷത്തിൽ കിലക്ക് സർക്കാരിൽ നിന്നും ലഭ്യമാകേണ്ട മുഴുവൻ തുകയും കിലക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിന് കില എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ധനകാര്യ വകുപ്പ് പ്രതിനിധിയെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട നടപടി റിപ്പോർട്ട് അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കണമെന്നും എക്സിക്യൂട്ടീവ് കമ്മറ്റി നിർദേശിച്ചു.

## ഐറ്റം നമ്പർ -04

**ഓഡിറ്ററുടെ നിയമനം സംബന്ധിച്ച്**

കിലയുടെ മെമ്മൊറാണ്ടം ഓഫ് അസോസിയേഷനിലെ ഖണ്ഡിക17 ൽ 1 (ii) പ്രകാരം കിലയിലെ ഓഡിറ്ററെ നിയമിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനുമുള്ള അധികാരം ഗവേർണിംഗ് കൗൺസിലിൽ നിക്ഷിപ്തമാണ്.

2020-21 സാമ്പത്തിക വർഷത്തിൽ ഓഡിറ്റേഴ്സ് പാനൽ ശേഖരിച്ചതിൽ നിന്നും M/s. SGS & COMPANY, CA MED TOWER, X-657-B, PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തെ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷത്തെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി 75,000 രൂപ ഓഡിറ്റ് ഫീ നിരക്കിൽ ഗവേർണിംഗ് കൌൺസിൽ തീരുമാന പ്രകാരം നിയമിച്ചിരുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തെ തന്നെ നിലവിലുള്ള നിരക്കിൽ നിയമനം നടത്തുന്നത് സംബന്ധിച്ച തീരുമാനത്തിനായി എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്.

**M/s. SGS & COMPANY എന്ന സ്ഥാപനത്തെ നിലവിലുള്ള 75,000 രൂപ ഓഡിറ്റ് ഫീ നിരക്കിൽ 2022-23 സാമ്പത്തിക വർഷത്തിൽ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി നിയമനം നടത്തുന്നത് സംബന്ധിച്ച അംഗീകാരത്തിനായി കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം:**

**2022-23 സാമ്പത്തിക വർഷത്തിൽ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. SGS & COMPANY, CA MED TOWER, X-657-B , PALLIKULAM ROAD, NEAR CHALDEAN CENTRE THRISSUR- 680001 എന്ന സ്ഥാപനത്തെ 75,000 രൂപ ഓഡിറ്റ് ഫീ നിരക്ക് നിശ്ചയിച്ച് നിയമനം നടത്തുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. ടി നിയമനം ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനും സാധൂകരണത്തിനുമായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി**

## ഐറ്റം നമ്പർ –05

### കില കാന്റീന്റെ നടത്തിപ്പ് – കരാർ ദീർഘിപ്പിച്ച് നൽകുന്നത് – സംബന്ധിച്ച്

ക്വട്ടേഷൻ പ്രകാരം വിജയശ്രീ കുടുംബശ്രീ യൂണിറ്റാണ് 2015 ഏപ്രിൽ മുതൽ കില കാൻറീൻ യൂണിറ്റ് ഏറ്റെടുത്ത് നടത്തിവരുന്നത്. കില കാന്റീൻ നടത്തുന്ന വിജയശ്രീ കുടുംബശ്രീയുമായുള്ള കോൺട്രാക്ട് 2023 മാർച്ച് 31 ന് അവസാനിക്കുകയാണ്. 2023-24 കാലഘട്ടത്തിലേക്ക് കോൺട്രാക്ട് പുതുക്കി നൽകുന്നതിനായി 10/03/2023 തിയ്യതിയിൽ വിജയശ്രീ കുടുംബശ്രീ യൂണിറ്റ് അപേക്ഷിച്ചിട്ടുണ്ട്. നിലവിലെ കാൻറീൻ യൂണിറ്റിന്റെ ഭക്ഷണനിരക്കിന്റെ വിശദാംശങ്ങൾ കണ്ടാലും.

| Item | Rate (Rs) | | | | Remarks |
|---|---|---|---|---|---|
| | Normal Programmes | National Programmes | International Programmes | Permanent Staff | |
| Bed Coffee | 9 | 11 | 11 | 0 | GST 5% extra applicable. |
| Break Fast | 55 | 121 | 130 | 20 | |
| Tea 11.00 | 13 | 28 | 29 | 2 | |
| Lunch | 82 | 165 | 260 | 13 | |
| Tea & Snacks 3.30 | 22 | 38 | 36 | 4 | |
| Tea & Snacks 6.00 | 14 | 16 | 17 | 0 | |
| Dinner | 65 | 165 | 260 | 20 | |
| | **260** | **544** | **743** | **59** | |
| Last Renewed | Renewed on 01/09/2021 | Renewed on 01/09/2021 | Renewed on 01/09/2021 | Renewed on 01/11/2021 | |

**വിജയശ്രീ കുടുംബശ്രീയുടെ അപേക്ഷ പ്രകാരം 2023-24 വർഷത്തേക്ക് കൂടി കരാർ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു**

**തീരുമാനം :**

**കുടുംബശ്രീ പ്രവർത്തനം ദാരിദ്ര്യ നിർമ്മാർജനത്തിനും സ്ത്രീശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനുമായി സർക്കാർ പ്രത്യേക മുൻഗണന നൽകി നടത്തുന്ന പരിപാടിയാണ്. ഇവ സാധ്യമാകണമെങ്കിൽ തുടർച്ച ആവശ്യമാണ് എന്നതിനാൽ വിജയശ്രീ കുടുംബശ്രീ യൂണിറ്റിന് 2023-24 സാമ്പത്തിക വർഷാരംഭം മുതൽ മൂന്ന് വർഷത്തേക്ക് കരാർ ദീർഘിപ്പിച്ച് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.**

**കില കുടുംബശ്രീ കാന്റീനിന്റെ പ്രവർത്തനങ്ങളും ഗുണമേന്മയും കാലാകാലം ഉറപ്പ് വരുത്തുവാനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ കൈക്കൊള്ളുന്നതിനും കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.**

**പ്രതിവർഷം പരമാവധി 5% നിരക്ക് വർദ്ധനവ് നൽകാവുന്നതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി തത്വത്തിൽ അംഗീകരിച്ചു. ഇപ്പോൾ നിലവിലുള്ള നിരക്കിൽ തുടരുവാനും കിലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസൃതമായി നിരക്ക് വർദ്ധനവിനെക്കുറിച്ച് ആലോചിക്കാവുന്നതാണ് .**

## ഐറ്റം നമ്പർ -06

### കില ആസ്ഥാനത്തെ സെക്യൂരിറ്റി കരാറിന്റെ കാലാവധി ദീർഘിപ്പിക്കുന്നത് -സംബന്ധിച്ച്

കിലയുടെ സെക്യൂരിറ്റി കരാർ All Kerala Ex-servicemen and Security Force Charitable Trust, Guruvayur നാണ് 2018 ൽ ക്വട്ടേഷൻ വഴിയാണ് ലഭ്യമായത്. ടി ഏജൻസിയുടെ സേവനം തൃപ്തികരമായതിനാൽ 2019 ൽ കരാർ ഒരു വർഷത്തേക്ക് പുതുക്കി നൽകുകയും ആയത് 4.1.2019 ൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ഡയറക്ടറുടെ തീരുമാനം സാധൂകരിക്കുന്നതോടൊപ്പം തന്നെ കരാർ തുകയുടെ 10% വർദ്ധനവ് നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർന്ന് 17/12/2019 ലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം വേതന വർദ്ധനവില്ലാതെ All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് കാലാവധി 31.12.2020 ദീർഘിപ്പിച്ച് നൽകുകയുണ്ടായി. തുടർന്ന് 22/02/2021 ലെ കില എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം wage ഉറപ്പവരുത്തി കരാർ തുക നിശ്ചയിക്കുവാനും കാലാവധി 31.12.2021 ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. തുടർന്ന് 31/12/2021 തീയതി സെക്യൂരിറ്റി കരാറിന്റെ കാലാവധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിനായി 05/02/2022 തിയ്യതിയിലെ കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം All Kerala Ex-servicemen and Security Force Charitable Trust, Guruvayur ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം wage ഉറപ്പവരുത്തി കരാർ തുക നിശ്ചയിക്കുവാനും കാലാവധി 31.12.2022 ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

31/12/2022 തിയ്യതിയിൽ ടി ഏജൻസി തുടർന്നും ജോലിയിൽ തുടരുന്നതിന് തയ്യാറാണെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള All Kerala Ex-servicemen and Security Force Charitable Trust, Guruvayur സെക്രട്ടറിയുടെ 01/12/2022 തിയ്യതിയിലെ കത്ത് ലഭ്യമായിട്ടുണ്ട്. കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി ഒരു വർഷത്തേക്കുകൂടി കരാർ പുതുക്കി നൽകിയിട്ടുള്ളതാണ്. 20/7/2019 തീയതിയിലെ സർക്കാർ ഉത്തരവ് നം ജി.ഒ(പി)68/2019/LBR പ്രകാരം മിനിമം വേതനം ഉറപ്പ് വരുത്തിയാണ് നിലവിൽ കരാർ തുക നൽകി വരുന്നത്.

| S.No | Duty Point | No of Guards | Rate per guard per day (including GST) |
|---|---|---|---|
| 1 | Main Gate | (8 hours x 3) 3 Guards | 599/- |
| 2 | Aravalli Guest House | (8 hours x 3) 3 Guards | 599/- |
| 3 | SAS | (8 hours x 3) 3 Guards | 599/- |
| 4 | Reliever Reception | (8 hours x 2) 2 Guards | 599/- |
| 5 | Night Watchman | (8 hours x 1) 1 Guard | 599/- |
| | **Approximate monthly rate Rs.2,22,800/-** | | |

**ടി ഏജൻസിയുടെ അപേക്ഷ പ്രകാരം സർക്കാർ ഉത്തരവ് പ്രകാരമുള്ള മിനിമം wage ഉറപ്പവരുത്തി ഒരു വർഷത്തേക്ക് കരാർ പുതുക്കി നൽകിയ നടപടി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനും സാധൂകരണത്തിനും ആയി സമർപ്പിക്കുന്നു.**

തീരുമാനം :

All Kerala Ex-servicemen and Security Force Charitable Trust, Guruvayur സെക്യൂരിറ്റി സർവ്വീസിന് നിലവിലുള്ള നിരക്കിൽ തന്നെ മൂന്ന് മാസത്തേക്ക് കരാർ ദീർഘിപ്പിച്ച് നൽകുന്നതിനും തീരുമാനിച്ചു . സൈനിക ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന KEXCON ന്റെ മാനദണ്ഡ പ്രകാരമാണോ എന്നത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദേശിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി.

## ഐറ്റം നമ്പർ –07

**കില സഹ്യാദ്രി അതിഥി മന്ദിരം – ഹൗസ് കീപ്പിംഗ് സർവ്വീസ് – സംബന്ധിച്ച്**

11/03/2020 കില എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം കില ഗസ്റ്റ് ഹൗസിലെ ഹൗസ് കീപ്പിംഗ് കുടുംബശ്രീ തൃശ്ശൂർ ഡിസ്ട്രിക്ട് മിഷൻ കോർഡിനേറ്ററുമായി ചർച്ച ചെയ്ത് കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈസസുകളെ ഏൽപ്പിക്കുവാനുള്ള സാധ്യത ആരായുന്നതിനായി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം കില സഹ്യാദ്രി അതിഥി മന്ദിരത്തിലെ ഹൗസ് കീപ്പിംഗ് ജോലികൾ ചെയ്യുന്നതിലേക്കായി കുടുംബശ്രീ മിഷന് കീഴിലുള്ള ഉപസ്ഥാപനമായ Kudumbasree Initiative for Business Solutions, (KIBS) എന്ന സ്ഥാപനവുമായി 12/04/2022 തിയ്യതി മുതൽ ഒരു വർഷത്തേക്ക് കില കരാറിലേർപ്പെട്ടിട്ടുണ്ട്. ഹൗസ് കീപ്പിംഗ്, സെക്യൂരിറ്റി സർവീസ്, ടിക്കറ്റിംഗ്, ഗാർഡനിംഗ് തുടങ്ങിയ സേവനങ്ങൾ നൽകുന്ന കുടുംബശ്രീ സംരംഭമാണ് KIBS. Vytilla mobility Hub, NUALS Kalamaassery, Kerala Health University, Tracco cables Thrissur, Adhani city gas Project, കൊച്ചി മെട്രോ എന്നീ സ്ഥാപനങ്ങളുടെ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കുടുംബശ്രീ സംരംഭം കൂടിയാണ് Kudumbasree Initiative for Business Solutions,(KIBS). കരാർ വിശദാംശം ചുവടെചേർക്കുന്നു. ടി സ്ഥാപനവുമായുള്ള കരാറിന്റെ കാലാവധി 31/03/2023 ന് അവസാനിച്ചിട്ടുണ്ട്.

2023-24 സമ്പത്തിക വർഷത്തിലേക്ക് കരാർ പുതുക്കി നൽകുന്നതിനുള്ള അപേക്ഷ Kudumbasree Initiative for Business Solutions,(KIBS) സമർപ്പിച്ചിട്ടുണ്ട്. ടി ഏജൻസിയുടെ സേവനം തൃപ്തികരമാണ്.

**ഈ സാഹചര്യത്തിൽ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി കില സഹ്യാദ്രി അതിഥി മന്ദിരത്തിലെ ഹൗസ് കീപ്പിംഗ് ജോലികൾ ചെയ്യുന്നതിലേക്കായി കുടുംബശ്രീയുടെ Kudumbasree Initiative for Business Solutions, (KIBS) എന്ന സ്ഥാപനവുമായുള്ള കരാർ ഒരു വർഷത്തേക്കുകൂടി പുതുക്കി നൽകുന്നതിനുള്ള നടപടി അംഗീകരത്തിനായി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നു.**

**തീരുമാനം :**
**കില സഹ്യാദ്രി അതിഥി മന്ദിരത്തിലെ ഹൗസ് കീപ്പിംഗ് ജോലികൾ ചെയ്യുന്നതിലേക്കായി കുടുംബശ്രീയുടെ Kudumbasree Initiative for Business Solutions, (KIBS) എന്ന സ്ഥാപനവുമായുള്ള കരാർ ഒരു വർഷത്തേക്കുകൂടി പുതുക്കി നൽകുന്നതിന് കില എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി**

## ഐറ്റം നമ്പർ -08

**കിലയിൽ വാഹനങ്ങൾ വാടകക്ക് കരാർ നല്കിയ ഏജൻസിയുടെ കാലാവധി നീട്ടി നല്കുന്നത് – സംബന്ധിച്ച്**

കിലയിൽ പരിശീലനത്തിന് എത്തുന്ന പരിശീലനാർത്ഥികളെ കിലയിൽനിന്നും തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ /ബസ് സ്റ്റാൻഡ് /ഷോർണ്ണൂർ റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലേക്ക് കൊണ്ടുവിടുന്നതിനായും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും വാഹനം കരാർ അടിസ്ഥാനത്തിൽ നൽകുന്നതിലേക്കായി അംഗീകൃത ട്രാവൽ ഏജൻസി/വ്യക്തികളിൽനിന്ന് ക്വട്ടേഷൻ 07/03/2019 തീയതി ക്ഷണിച്ചത് പ്രകാരം 3 ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ലഭ്യമാവുകയും ആയതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഏജൻസി ക്വട്ടേഷൻ ഏറ്റെടുക്കുവാൻ താല്പര്യം ഇല്ല എന്നറിയിച്ചതിനെത്തുടർന്ന് രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഉരു ട്രാവൽസ് തിരുവനന്തപുരത്തിന്റെ ക്വട്ടേഷൻ നിരക്ക് നെഗോഷ്യേറ്റ് ചെയ്ത് 2019 ഏപ്രിൽ മുതൽ 2020 മാർച്ച് 31 വരേക്ക് കരാർ നൽകുകയുണ്ടായി. പ്രസ്തുത കരാർ 2020-21 സാമ്പത്തിക വർഷത്തിൽ നിരക്ക് വർദ്ധനയില്ലാതെ പുതുക്കി നൽകുകയുണ്ടായി. ആയതിന്റെ കാലാവധി 2021 മാർച്ച് 31 ന് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ഏജൻസി 2021-22 സാമ്പത്തിക വർഷത്തിലേക്ക് കരാർ പുതുക്കി നൽകുന്നതിലേക്കായി അപേക്ഷിച്ച പ്രകാരം ഇന്ധന വില വർദ്ധനവ്, ഇൻഷ്വറൻസ് തുക, നികുതി തുക എന്നിവയുടെ വർദ്ധനവ് പരിഗണിച്ച് 15 % നിരക്ക് വർദ്ധനവോടെ കരാർ കാലാവധി നീട്ടി നല്കുന്നതിന് 10.08.2021 തീയ്യതിയിൽ കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റ് തീരുമാനം എടുത്ത പ്രകാരം കരാർ 2022 മാർച്ച് 31 വരെ നീട്ടി നല്കിയിരുന്നു. . കരാർ കാലാവധി 2022-23 വർഷത്തിലും നിലവിലെ നിരക്ക് പ്രകാരം കോൺട്രാക്റ്ററുടെ അപേക്ഷ പരിഗണിച്ച് 30.04.2022 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാര പ്രകാരം 31.03.2023 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു. 01.09.2021 മുതൽ പ്രാബല്യം നല്കിയ നിരക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

| No. | VEHICLE TYPE | Fare from KILA to Thrissur Rly/Bus Stand | | Fare from KILA to Shornur Railway | | LONG TRIPS | | | Extra Running Kilometer | |
|---|---|---|---|---|---|---|---|---|---|---|
| | | Rate for Non A/c | Rate for A/c | Rate for Non A/c | Rate for A/c | Minimum Kilometer | Rate for Non A/c | Rate for A/c | Rate for Non A/c | Rate for A/c |
| 1 | Bus - 49 seat | 2185 | 6883 | 5750 | 9545 | 100 | 7820 | 10120 | 37 | 46 |
| 2 | Mini bus - 40 seat | 1495 | 5790 | 5261 | 8395 | 100 | 7245 | 9200 | 35 | 44 |
| 3 | Mini bus - 30 seat | 1495 | 5244 | 4715 | 7705 | 100 | 6670 | 8050 | 33 | 40 |
| 4 | Traveller - 14 seat | 1035 | 2875 | 2415 | 3565 | 100 | 3278 | 4370 | 20 | 25 |
| 5 | Traveller - 17 seat | 1093 | 3450 | 2875 | 4025 | 100 | 3565 | 5175 | 22 | 29 |
| 6 | Traveller - 26 seat | 1380 | 5175 | 4255 | 6900 | 100 | 6670 | 7360 | 29 | 37 |
| 7 | Innova -6 Seat | 575 | 805 | | | 100 | 2070 | 3163 | 16. | 18 |
| 8 | Scorpio - 6 seat | 460 | 633 | | | 100 | 2070 | 2530 | 15 | 17 |
| 9 | Travera - 8 seat | 518 | 863 | | | 100 | 1265 | 2530 | 15 | 17 |
| 10 | Xylo - 6 seat | 518 | 920 | | | 100 | 1840 | 2645 | 15 | 17 |
| 11 | Qualis - 8 seat | 575 | 805 | | | 100 | 1955 | 2645 | 15 | 17 |
| 12 | Others - Car – 4 seat | 518 | 748 | | | 100 | 1150 | 2185 | 12 | 15 |
| 13 | Verito/logan – 4 seat | 518 | 575 | | | 100 | 1380 | 2185 | 12 | 15 |
| 14 | Indica/Indigo/ Manza -4 seat | 518 | 748 | | | 100 | 1277 | 2243 | 12 | 15 |
| 15 | Dezire - 4 seat | 518 | 633 | | | 100 | 1277 | 2243 | 12 | 15 |

| VEHICLE CONTRACT RATE WITH GURU TRAVELS WITH EFFECT FROM 01.07.2022 | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| No. | VEHICLE TYPE | Fare from KILA to Thrissur Rly/Bus Stand | | Fare from KILA to Shornur Railway | | LONG TRIPS | | | Extra Running Kilometer | |
| | | Rate for Non A/c | Rate for A/c | Rate for Non A/c | Rate for A/c | Minimum Kilometer (100) | Rate for Non A/c | Rate for A/c | Rate for Non A/c | Rate for A/c |
| 1 | Pushback A/c(49 seated) | - | 7500 | - | - | - | - | 12500 | - | 50 |
| 2 | Pushback A/c (35 seated) | | 6000 | | | | | 10000 | | 40 |
| 3 | A/c Volvo and Bharath Benz (46 seated and 42 seated) | - | 8100 | - | - | - | - | 13500 | | 60 |

**Loading**

| Types of Trucks | Size in Feet | Max Loading Weight | Charges per KM |
|---|---|---|---|
| Tata Ace (Chota Hathi)/similar vehicle | 7 L x 4.8 W x 4.8 H | 850 KG | Rs. 21 / 1km |
| Ashok Leyland Dost/ similar vehicle | 7 L x 4.8 W x 4.8 H | 1 Ton | Rs. 23/ 1km |
| Mahindra Pickup/ similar vehicle | 8 L x 4.8 W x 4.8 H | 1.5 Ton | Rs 30 / 1km |
| Tata Super Ace Mini Truck similar vehicle | 8ft x 4.5ft x 5.5ft | 1100 kg | Rs 30 / 1km |
| Tata 40/ similar vehicle | 9 L x 5.5 W x 5 H | 2.5 Ton | Rs 45 / 1km |

ഗുരു ട്രാവൽസുമായുള്ള കരാർ 30.03.2023 ൽ അവസാനിച്ച സാഹചര്യത്തിൽ 01.04.2023 മുതൽ നിലവിലെ നിരക്കിൽ 20% വർദ്ധനവോടുകൂടി ഒരു വർഷത്തേക്ക് കൂടി കരാർ പുതുക്കി നല്കുന്നതിനായി 28.03.2023ൽ കോൺട്രാക്ടർ അപേക്ഷ നല്കിയിട്ടുണ്ട്. **(അനുബന്ധം-3)** ടി അപേക്ഷ പരിഗണിച്ച് നിലവിലെ നിരക്കുപ്രകാരം 2 മാസത്തേക്ക് കരാർ കില ഡയറക്ടർ ജനറൽ നീട്ടി നല്കുകയും തുടർന്ന് കരാർ കാലാവധി നീട്ടുന്നതും, നിരക്ക് വർദ്ധനവും സംബന്ധിച്ച അപേക്ഷ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. **ഡയറക്ടർ ജനറലിന്റെ തീരുമാനം സാധൂകരിക്കുന്നതിനും ഗുരു ട്രാവൽസുമായുള്ള കരാർ തുകയിൽ 20 % നിരക്ക് വർദ്ധനവോടുകൂടി സമയക്രമം നിർണ്ണയിച്ച് അധികം വരുന്ന ഓരോ മണിക്കൂറിനും അധിക തുക അനുവദിച്ചു കൊണ്ടും 2023-24 വർഷത്തിലേക്ക് കരാർ ദീർഘിപ്പിച്ചു നല്കുന്നതിനുള്ള അപേക്ഷ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

തീരുമാനം :

ഗുരു ട്രാവൽസ് തിരുവനന്തപുരത്തിന് 2 മാസത്തേക്ക് കരാർ നീട്ടി നൽകിയ നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി സാധൂകരിച്ചു. മേൽ പട്ടികയിലെ നിരക്കുകൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും കരാർ ഈ വർഷത്തേക്ക് തുടരുവാനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. നിരക്കുകളിൽ കൂടുതൽ വ്യക്തത ആവശ്യമെങ്കിൽ അടുത്ത തവണ ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

## ഐറ്റം നമ്പർ -09

**ജീവനക്കാര്യം- ശമ്പള നിർണ്ണയത്തിലെ അപാകത പരിഹരിച്ച് അധികം നൽകിയ തുക തിരികെ അടവാക്കാൻ നിർദ്ദേശം നൽകിയത്- സംബന്ധിച്ച്**

1) **ജീവനക്കാര്യം- വിനോദ് കെ, നഫല കെ എം, ഗിരീഷ് കെ ക്ലർക്കമാർ (ഇപ്പോൾ അസിസ്റ്റന്റ് ഗ്രേഡ് II) എന്നിവരുടെ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതിലെ അപാകത - സംബന്ധിച്ച്**

06.12.2021 ലെ സർക്കാരിന്റെ തസ്വഭവ/ഐബി2/206/2021 നമ്പർ സർക്കാർ കത്തിലെ പരാമർശപ്രകാരം 8 വർഷത്തെ സേവനം പൂർത്തായാക്കിയതിന് ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചത് സർക്കാർ ഉത്തരവ് (പി) നം 07/2016/ഫിൻ തീയതി 20/11/2016 ഉത്തരവിലെ അനുബന്ധം III ഖണ്ഡിക 06 പ്രകാരം അല്ല കിലയിലെ ക്ലർക്കുമാരായ (ഇപ്പോൾ അസിസ്റ്റന്റ് ഗ്രേഡ് II) സർവശ്രീ. വിനോദ് കെ, നഫല കെ എം, ഗിരിഷ് കെ ഗ്രേഡ് II അസ്സിസ്റ്റന്റ് എന്നിവർക്ക് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ആയത് പുനർനിർണ്ണയിക്കുകയുണ്ടായി.

പത്താം ശമ്പള പരിഷ്കരണ ഉത്തരവ് കിലയിലെ ജീവനക്കാർക്ക് ബാധകമാക്കിയ 04/05/2018 തീയതിയിലെ ജി.ഒ (എം.എസ്) നം. 62/2018/എൽ.എസ്.ജി.ഡി യിലെ വ്യവസ്ഥകളനുസരിച്ച് (വ്യവസ്ഥ നമ്പര് 2) സമയ ബന്ധിത അനുബന്ധം III പ്രകാരം ആകുന്നതിനെ തുടർന്ന ശ്രീ. വിനോദ് കെ, നഫല കെ എം, ഗിരിഷ് കെ എന്നിവർക്ക് 8 വർഷത്തെ സേവനം പൂർത്തായാക്കിയതിന് 25200-54000 രൂപ ശമ്പള സ്കെയിലിലേക്ക് മാറ്റി നിർണ്ണയിച്ചിട്ടുള്ളതാണ്. ആയതിനെ തുടർന്ന് തെറ്റായി ഹയർ ഗ്രേഡിന് അനുവദിച്ച ശമ്പളം (26500-56700 രൂപ) 22/09/2018 മുതൽ 31/03/2022 വരെ വാങ്ങിയ അധിക തുക സർക്കാരിന്റെ 10/03/2021 ലെ സർക്കുലർ നമ്പർ 24/2021/ധന, 18/03/2021 ലെ സർക്കുലർ നമ്പർ 26/2021/ധന എന്നിവയ്ക്ക് വിധേയമായിട്ട് കിലയുടെ ഫണ്ടിലേക്ക് താഴെ പറയും പ്രകാരം തിരികെ അടക്കേണ്ടതാണ് എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്.

1. ശ്രീ. വിനോദ് കെ, 41231/- രൂപ,
2. ശ്രീമതി നഫല കെ എം, 41413/- രൂപ
3. ശ്രീ ഗിരീഷ് കെ, 41231/- രൂപ.

ബഹു. സുപ്രീം കോടതി വിധി പ്രകാരം ക്ലാസ് III, ക്ലാസ് IV ജീവനക്കാർക്ക് തെറ്റായി അനുവദിച്ച് നൽകിയ തുക അവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതില്ല എന്നതിനാൽ തുക തിരികെ അടക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് കിലയിലെ മേൽ ജീവനക്കാർ അപേക്ഷിച്ചിരിക്കുകയാണ്. ആയതിന് തുടർന്ന് മേപ്പടി ജീവനക്കാരുടെ അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ് ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.**

**2) ജീവനക്കാര്യം- ശ്രീ ശിവാനന്ദൻ കെ കെ, ഡെസ്പാച്ചർ – ശമ്പള നിർണ്ണയത്തിലെ അപാകത – സംബന്ധിച്ച്**

കിലയിൽ ഖലാസിയായി (ഇപ്പോൾ മൾട്ടി ടാസ്ക് വർക്കർ) 25.03.1997 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ശിവാനന്ദൻ.കെ.കെ യുടെ സേവന വിവരങ്ങൾ പരിശോധിച്ചതിൽ ടിയാന് 8 വർഷത്തേ സേവനം പൂർത്തിയാക്കിയതിന് 01.03.2006 പ്രാബല്യത്തിൽ ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് 4630-7000 ശമ്പള സ്കെയിലിൽ അനുവദിച്ചിരുന്നു. അതനുസരിച്ച് ശമ്പളം 6080/- രൂപയായി നിർണ്ണയിച്ചു. അടുത്ത വാർഷിക ഇൻക്രിമെന്റ് 01.03.2007 ൽ അനുവദിച്ച് ശമ്പളം 6230/- രൂപയായി ഉയർത്തി.

കില ഡയറക്ടറുടെ 12.02.2015 ലെ ഉത്തരവ് പ്രകാരം ശ്രീ ശിവാനന്ദന് 25.03.2007 പ്രാബല്യത്തിൽ ഡെസ്പാച്ചർ തസ്തികയിലേക്ക് ഉദ്യോഗ കയറ്റം നൽകി നിയമിച്ചു. ശമ്പള സ്കെയിൽ 5250-8390 അനുസരിച്ച് പ്രസ്തുത സ്കെയിലിൽ ശമ്പളം KSR Part I Rule 28A പ്രകാരം 25.03.2007 പ്രാബല്യത്തിൽ 6530/- രൂപയായി നിർണ്ണയിച്ചു. (കിലയുടെ 17.03.2015 ലെ കില/E-57/2015 നമ്പർ ഉത്തരവ്).

01.07.2004 മുതൽ നടപ്പാക്കിയ ശമ്പള പരിഷ്കരണ ഉത്തരവിലെ (ജി.ഒ (പി) 145/2006/ഫിൻ തീയതി 25.03.2006) ഖണ്ഡിക 48 പ്രകാരം സമയ ബന്ധിത ഹയർ ഗ്രേഡിൽ നിന്നും റഗുലർ പ്രൊമോഷൻ സ്കെയിലിൽ ആയാലും ഉയർന്ന സ്കെയിലിൽ ആയാലും KSR Part I Rule 30 പ്രകാരമാണ് ശമ്പളം നിർണ്ണയിക്കേണ്ടത്. അതായത് ശമ്പള നിർണ്ണയമൊ ശമ്പളത്തിൽ വ്യത്യാസമൊ ഇല്ലാതെ ഇൻക്രിമെന്റ് ഹയർ ഗ്രേഡ് സ്കെയിലിലെ തീയതിയിൽ ലഭിക്കും (25.03.2006 ലെ ശമ്പള പരിഷ്കരണത്തിന് ശേഷം ഉദ്യോഗ കയറ്റം ലഭിച്ചവർക്ക്).

ശ്രീ ശിവാനന്ദന് ഹയർ ഗ്രേഡ് സ്കെയിലിൽ നിന്നും ഉയർന്ന സ്കെയിലിലേക്കാണ് ഉദ്യോഗ കയറ്റം ലഭിച്ചത്. തത്സമയം 28A പ്രകാരം ശമ്പളം നിർണ്ണയിച്ചു. ആയത് മേൽ പരാമർശിച്ച ഉത്തരവിന് വിരുദ്ധമാണ്. (25.03.2007 ൽ 2 ഇൻക്രിമെൻറ് കൂടുതൽ ലഭിച്ചു). അതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ശമ്പള നിർണ്ണയങ്ങൾ നടത്തിയിരിക്കുന്നത്.

01.07.2009,01.07.2014 തീയതികളിൽ പ്രാബല്യത്തിൽ നടപ്പാക്കിയ ശമ്പള പരിഷ്കരണം അനുസരിച്ചുള്ളതും 25.03.2012 പ്രാബല്യത്തിൽ നടപ്പിലാക്കിയ സമയ ബന്ധിത ഹയർ ഗ്രേഡ് പ്രകാരമുള്ളതുമായ ശമ്പള സ്കെയിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്.

25/03/2007 മുതൽ അധികമായി വാങ്ങിയ തുക സർക്കാരിന്റെ 10/03/2021 ലെ സർക്കുലർ നമ്പർ 24/2021/ധന, 18/03/2021 ലെ സർക്കുലർ നമ്പർ 26/2021/ധന എന്നിവയ്ക്ക് വിധേയമായിട്ട് കിലയുടെ ഫണ്ടിലേക്ക് ആകെ തുക 182988/- തിരികെ അടക്കുന്നതിലേക്കായി ശ്രീ.ശിവാനന്ദന് ഉത്തരവ് നൽകിയിരുന്നു.

ബഹു. സുപ്രീം കോടതി വിധി പ്രകാരം ക്ലാസ് III, ക്ലാസ് IV ജീവനക്കാർക്ക് തെറ്റായി അനുവദിച്ച് നൽകിയ തുക അവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതില്ല എന്നതിനാൽ തുക തിരികെ അടക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് ശ്രീ ശിവാനന്ദൻ കെ കെ 05/03/2023 തീയതിയിൽ അപേക്ഷിച്ചിരിക്കുകയാണ്. ആയതിന് തുടർന്ന് മേൽ അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ് ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.**

**3) ജീവനക്കാര്യം- ശ്രീ സന്തോഷ് ടി എ, കെയർടേക്കർ - ശമ്പള നിർണ്ണയത്തിലെ അപാകത - സംബന്ധിച്ച്**

കിലയിൽ ഖലാസിയായി (ഇപ്പോൾ മൾട്ടി ടാസ്ക് വർക്കർ) 25.03.1997 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ സന്തോഷ് ടി എ യുടെ സേവന വിവരങ്ങൾ പരിശോധിച്ചതിൽ ടിയാന് 8 വർഷത്തേ സേവനം പൂർത്തിയാക്കിയതിന് 01.03.2006 പ്രാബല്യത്തിൽ ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് 4630-7000 ശമ്പള സ്കെയിലിൽ അനുവദിച്ചിരുന്നു. അതനുസരിച്ച് ശമ്പളം 6080/- രൂപയായി നിർണ്ണയിച്ചു. അടുത്ത വാർഷിക ഇൻക്രിമെന്റ് 01.03.2007 ൽ അനുവദിച്ച് ശമ്പളം 6230/- രൂപയായി ഉയർത്തി.

കില ഡയറക്ടറുടെ 12.02.2015 ലെ ഉത്തരവ് പ്രകാരം ശ്രീ സന്തോഷ് ടി എ 01.09.2008 പ്രാബല്യത്തിൽ കെയർ ടേക്കർ തസ്തികയിലേക്ക് ഉദ്യോഗ കയറ്റം നൽകി നിയമിച്ചു. ശമ്പള സ്കെയിൽ 5250-8390 അനുസരിച്ച് പ്രസ്തുത സ്കെയിലിൽ ശമ്പളം KSR Part I Rule 28A പ്രകാരം 01.09.2008 പ്രാബല്യത്തിൽ 6680/- രൂപയായി നിർണ്ണയിച്ചു. (കിലയുടെ 17.03.2015 ലെ കില/E-57/2015 നമ്പർ ഉത്തരവ്).

01.07.2004 മുതൽ നടപ്പാക്കിയ ശമ്പള പരിഷ്കരണ ഉത്തരവിലെ (ജി.ഒ (പി) 145/2006/ഫിൻ തീയതി 25.03.2006) ഖണ്ഡിക 48 പ്രകാരം സമയ ബന്ധിത ഹയർ ഗ്രേഡിൽ നിന്നും റഗുലർ പ്രൊമോഷൻ സ്കെയില്ലിൽ ആയാലും ഉയർന്ന സ്കെയിലിൽ ആയാലും KSR Part I Rule 30 പ്രകാരമാണ് ശമ്പളം നിർണ്ണയിക്കേണ്ടത്. അതായത് ശമ്പള നിർണ്ണയമൊ ശമ്പളത്തിൽ വ്യത്യാസമൊ ഇല്ലാതെ ഇൻക്രിമെന്റ് ഹയർ ഗ്രേഡ് സ്കെയിലിലെ തീയതിയിൽ ലഭിക്കും (25.03.2006 ലെ ശമ്പള പരിഷ്കരണത്തിന് ശേഷം ഉദ്യോഗ കയറ്റം ലഭിച്ചവർക്ക്).

ശ്രീ സന്തോഷ് ടി എ ക്ക് ഹയർ ഗ്രേഡ് സ്കെയിലിൽ നിന്നും ഉയർന്ന സ്കെയിലിലേക്കാണ് ഉദ്യോഗ കയറ്റം ലഭിച്ചത്. തത്സമയം 28A പ്രകാരം ശമ്പളം നിർണ്ണയിച്ചു. ആയത് മേൽ പരാമർശിച്ച ഉത്തരവിന് വിരുദ്ധമാണ്. (25.03.2007 ൽ 2 ഇൻക്രിമെൻറ് കൂടുതൽ ലഭിച്ചു). അതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള ശമ്പള നിർണ്ണയങ്ങൾ നടത്തിയിരിക്കുന്നത്.

01.07.2009, 01.07.2014 തീയതികളിൽ പ്രാബല്യത്തിൽ നടപ്പാക്കിയ ശമ്പള പരിഷ്കരണമനുസരിച്ചുള്ളതും 25.03.2012 പ്രാബല്യത്തിൽ നടപ്പിലാക്കിയ സമയ ബന്ധിത ഹയർ ഗ്രേഡ് പ്രകാരമുള്ളതുമായ ശമ്പള നിർണ്ണയങ്ങൾ പുനർ നിർണ്ണയിച്ചു.

01/09/2008 മുതൽ അധികമായി വാങ്ങിയ തുക സർക്കാരിന്റെ 10/03/2021 ലെ സർക്കുലർ നമ്പർ 24/2021/ധന, 18/03/2021 ലെ സർക്കുലർ നമ്പർ 26/2021/ധന എന്നിവയ്ക്ക് വിധേയമായിട്ട് കിലയുടെ ഫണ്ടിലേക്ക് ആകെ തുക 133467/- തിരികെ അടക്കേണ്ടതാണ് എന്ന് ഉത്തരവ് നൽകിയിരുന്നു. ആയതിന് മറുപടിയായി തെറ്റായി ടിയാന് നൽകിയ തുകയിൽ ഉത്തരവാദിത്തം ഇല്ല എന്നും തുച്ഛമായ വരുമാനം മാത്രം ലഭിക്കുന്നതിനാൽ തുക തിരിച്ചടക്കാൻ സാധിക്കാത്തതിനാൽ തീരുമാനം ഒഴിവാക്കി നൽകാൻ അപേക്ഷിച്ചിരിക്കുകയാണ്.

**മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.**

### 4) കിലയിലെ അക്കാദമിക്ക് ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ/ഡി.ആർ അധികം നൽകിയത് സംബന്ധിച്ച്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സർക്കാർ ഉത്തരവ് നം (പി) 25/2021/ഫിൻ തീയതി 08/02/2021 പ്രകാരം അനുവദിച്ച ക്ഷാമ ബത്ത കുടിശികയിൽ UGC/AICTE/Medical Education വിഭാഗത്തിലെ ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്ത 01/01/2020 മതൽ 174 ശതമാനവും 01/07/2020 മുതൽ 182 ശതമാനവും ആയിരുന്നു. എന്നാൽ കേരള സർക്കാർ സർക്കുലർ നം 35/2021/ഫിൻ തീയതി 15/04/2021 പ്രകാരം പ്രസ്തുത ക്ഷാമ ബത്ത ഫ്രീസ് ചെയ്യുകയും 01.01.2020 മുതൽ 164% ആയി പുനസ്ഥാപിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് കിലയിൽ ലഭ്യമാക്കാത്തതിനെ തുടർന്ന് 01/2020 മുതൽ 06/2020 വരെ 174%, 07/2020 മുതൽ 01/2023 വരെ 182% ഡി.എ/ഡി.ആർ അലവൻസ് കിലയിലേയും കൊട്ടാരക്കര കേന്ദ്രത്തിലേയും യു.ജി.സി നിരക്കിൽ ശമ്പളം കൈപ്പറ്റുന്ന അക്കാഡമിക്ക് ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുകയുണ്ടായി.

കേരള സർക്കാർ സർക്കുലർ നം 35/2021/ഫിൻ തീയതി 15/04/2021 പ്രകാരം പ്രസ്തുത ക്ഷാമ ബത്ത ഫ്രീസ് ചെയ്തത് പ്രകാരം 01/2020 മുതൽ 01/2023 വരെ കിലയിൽ നിന്നും അനുവദിച്ച് നൽകിയ അധിക ഡി.എ/ഡി.ആർ അലവൻസ് ടി ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതുണ്ട്. കുടിശ്ശിക സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു

1. Dr Abey George, Associate Professor – Rs. 3,19,595
2. Dr Ajith Kaliyath, Urban Chair Professor – Rs. 2,06,069/-
3. Dr Rajesh K, Senior Urban Fellow – Rs. 1,99,916/-
4. Dr Peter M Raj, Associate Professor – Rs. 3,48,656/-
5. Dr Rajan J B, Associate Professor – Rs. 3,38,149/-
6. Dr Sunny George, Professor (Retd)- Rs.4,72,221/-
7. Sri Rajasekharan K, Librarian (Retd) Rs. 1,41,332/- and
8. Dr Monish Jose, Assistant Professor Rs. 1,20,103/-

**ഈ സാഹചര്യത്തിൽ അധികം നൽകിയ തുക തിരിച്ച് അടക്കുന്നതിലേക്കായി ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നതാണ്. മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മുമ്പാകെ അറിവിലേക്കും തുടർനിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു.**

| തീരുമാനം |
| --- |
| ഐറ്റം നം-9 (1) & 9 (2)<br>ജീവനക്കാരുടെ അപേക്ഷയിന്മേൽ ഉചിതമായ ഉത്തരവ് ലഭിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ സർക്കാരിന്റെ തീരുമാനത്തിനനുസൃതമായി നടപടികൾ കൈക്കൊള്ളുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു |
| ഐറ്റം നം-9 (3)<br>സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. |
| ഐറ്റം നം-9 (4)<br>1. കിലയിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന അക്കാദമിക്ക് ജീവനക്കാരിൽ നിന്നും ഡി.എ/ഡി.ആർ അധികം നൽകിയ തുക ഗഡുക്കളായി ഈ സാമ്പത്തിക വർഷത്തിൽ തന്നെ തിരിച്ചുപിടിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർ നടപടി സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി |

2. സർവ്വീസിൽ വിരമിച്ച അക്കാദമിക് ജീവനക്കാർക്ക് അധികമായി അനുവദിച്ച് നൽകിയ ഡി.എ/ഡി.ആർ തുക വിരമിക്കുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യത്തിൽ നിന്നും കിഴിവ് വരുത്തിക്കൊണ്ടോ തുക തിരിച്ചടക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകി കൊണ്ടോ അടിയന്തിരമായി ആയത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി

## ഐറ്റം നമ്പർ– 10

**ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ ഫയൽ ചെയ്ത കേസ്സ് – ബഹു.കേരള ഹൈക്കോടതി– WP(c) No–22209/2021 ലെ വിധി നടപ്പാക്കുന്നത് സംബന്ധിച്ച്**

ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഡോ.ജെ.ബി.രാജൻ, ഡോ.എബി ജോർജ്ജ് എന്നിവർ ഫയൽ ചെയ്ത കേസ്സിന്റെ WP(c) No–22209/2021 ലെ 3/8/2022 തീയതിയിലെ വിധിയെ തുടർന്ന് പെറ്റീഷണർമാരുടെ പ്രൊഫസ്സർ ഗ്രേഡിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ച് ശിപാർശ നല്കാൻ സർക്കാർ നിർദേശ പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി 25/2/2023 ഓൺലൈൻ യോഗം ചേരുകയും കിലയിലെ രണ്ട് അസോസിയേറ്റ് പ്രൊഫസ്സർമാർ സമർപ്പിച്ച Self–Appraisal Report പരിശോധിക്കുകയും ചെയ്തു. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രൊഫസ്സർ ഗ്രേഡിലേക്ക് ഡോ.ജെ.ബി.രാജന് യോഗ്യതയില്ല എന്ന് വിലയിരുത്തി കൊണ്ട് ടിയാന്റെ പ്രൊഫസ്സർ ഗ്രേഡിലേക്കുള്ള പ്രൊമോഷൻ അപേക്ഷ നിരസിക്കുകയും ചെയ്തു. ആയത് പ്രകാരം 9/3/2023 ലെ G.O(Rt) No.586/2023/LSGD ഉത്തരവ് പ്രകാരം മേൽ കമ്മിറ്റി ശുപാർശ പ്രകാരം 3/8/2022 ലെ കോടതി വിധി നടപ്പാക്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. **(അനുബന്ധം–4)**

25/2/2023 തീയതിയിൽ കൂടിയ സെലക്ഷൻ കമ്മിറ്റി യോഗത്തിൽ ഡോ.ജെ.ബി.രാജനേക്കാൾ സീനിയറായ ഡോ.പീറ്റർ.എം.രാജിൽ നിന്ന് ഫുൾസെറ്റ് Self–Appraisal Report വാങ്ങാൻ കൂടി തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡോ.പീറ്റർ.എം.രാജിനോട് ഫുൾസെറ്റ് Self–Appraisal Report സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറക്കു തുടർ നടപടികൾ എടുക്കുന്നതാണ്.

**മേൽ വിഷയം കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിലേക്കും നിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം**

**മേൽ വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്ത് വിലയിരുത്തി**

**ഐറ്റം .നം. 11**

**അസിസ്റ്റന്റ് തസ്തികയിൽ സ്ഥിരനിയമനം നല്കിയ ശ്രീമതി.സൂര്യജയുടെ മുൻസർവ്വീസിൽ ലഭ്യമായിരുന്ന അടിസ്ഥാന വേതനം സംരക്ഷിച്ച് നല്കണമെന്ന അപേക്ഷ – സംബന്ധിച്ച്.**

കിലയിൽ നിലവിൽ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് തസ്തികയിലേക്ക് (20000-45800 പ്രീ റിവൈസ്ഡ് സ്കെയിൽ ) സ്ഥിരനിയമനം നടത്തുന്നതിലേക്കായി തദ്ദേശ ഭരണവകുപ്പ്/ വിവിധബോർഡുകൾ/ കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ളതും സമാനതസ്തികയിലും സമാന സ്കെയിലിലും ജോലി ചെയ്തുവരുന്ന യോഗ്യരായ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ അപേക്ഷകരിൽ യോഗ്യരായവരെ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ഒന്നാം റാങ്കിനുടമയായ ശ്രീമതി. സൂര്യജയ്ക്ക് നിയമനം നൽകുകയുണ്ടായി. കില തളിപ്പറമ്പ് IPPL സെന്ററിൽ നിയമിതയായ ടിയാരിക്ക് മുൻസർവ്വീസ്സിൽ റിവൈസ്ഡ് സ്കെയിലിൽ **(25100-52600**,PR 18000-41500) **34700/- രൂപ** അടിസ്ഥാനവേതനമാണ് ലഭിച്ചുവന്നിരുന്നതെന്നും **(ആകെ ശമ്പളം-36,088/- രൂപ ,34700+ 1388 HRA-01/2023-ൽ)** പ്രസ്തുത അടിസ്ഥാനശമ്പളം കിലയിൽ ജോയിൻ ചെയ്ത തീയതി മുതൽ (16/02/2023 AN) സംരക്ഷിച്ചുനൽകണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. സൂര്യജ അപേക്ഷ നൽകിയിട്ടുണ്ട്.(അപേക്ഷ,,Salary Slip -ന്റെ പകർപ്പ് എന്നിവ അനുബന്ധം-5 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട് )

കിലയിൽ പേ റിവിഷൻ പ്രാബല്യത്തിൽ വന്നിട്ടില്ലാത്തതിനാൽ പുതുക്കിയ നിരക്കിൽ വേതനം ഫിക്സ് ചെയ്ത് നൽകുന്നതിന് സാധ്യമല്ലെന്നു കാണാവുന്നതാണ്. നിലവിൽ വാങ്ങുന്ന അടിസ്ഥാനവേതനത്തിൽ കുറവുവരാതെ സംരക്ഷിച്ച് ലഭിക്കുക എന്നത് സർവ്വീസിൽ ഉണ്ടായിരുന്ന ജീവനക്കാരന്റെ അവകാശമായി പരിഗണിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത തുക ലഭിക്കുംവിധം അപേക്ഷ ക്ഷണിച്ച പ്രീ റിവൈസ്ഡ് സ്കെയിലിൽ (20000-45800) നിലവിൽ ടിയാരിക്ക് ലഭിച്ചു വരുന്ന അടിസ്ഥാനവേതനം (34700/- രൂപ) ലഭിക്കും വിധം കിലയിൽ ജോലിയിൽ ചേർന്ന തീയതി മുതൽ (16/02/2023 AN) വേതനം ഫിക്സ് ചെയ്ത് നൽകാവുന്നതും **(അടിസ്ഥാന ശമ്പളം -24600, ഡി.എ(36%) - 8856, എച്ച്.ആർ.എ -1250/- ആകെ -34,706/- രൂപ )** തുടർന്ന് കിലയിൽ പുതിയ പേ റിവിഷൻ ബാധകമാകുന്ന മുറയ്ക്ക് ടിയാരിക്ക് സമാനസ്കെയിലിൽ ഉയർന്ന വേതനം ഫിക്സ് ചെയ്തു നൽകാവുന്നതുമാണ്. (G.O(P) No.27/2021/Fin dated 10.02.2021 ലെ പുതുക്കിയ പേ റിവിഷനിൽ അടിസ്ഥാനവേതനം 34700 -ന് സമാനമായി മുൻ പേ റിവിഷനിൽ വരുന്ന തുക 24600/- ആണ്) ടി രീതിയിൽ വേതനം ഫിക്സ് ചെയ്യുന്നത് സംബന്ധിച്ച് ടിയാരിയിൽ നിന്നും ഓപ്ഷനും വാങ്ങാവുന്നതാണ്.

കിലയിൽ അസിസ്റ്റന്റ് തസ്തികയിൽ സ്ഥിരനിയമനം നല്കി, കില തളിപ്പറമ്പ് IPPL സെന്ററിൽ നിയമിതയായ ശ്രീമതി.സൂര്യജ്യോ റിവൈസ്ഡ് സ്കെയിലിൽ (25100-52600) മുൻസർവ്വീസിൽ ലഭിച്ചു വന്നിരുന്ന അടിസ്ഥാനവേതനം (34700/- രൂപ) ലഭിക്കും വിധം കിലയിൽ ജോലിയിൽ ചേർന്ന തീയതി മുതൽ (16/02/2023 AN) പ്രീ റിവൈസ്ഡ് സ്കെയിലിൽ (20000-45800) വേതനം ഫിക്സ് ചെയ്ത് നൽകണമെന്ന അപേക്ഷ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ നിർദ്ദേശത്തിനായി സമർപ്പിക്കുന്നു.

തീരുമാനം

അസിസ്റ്റന്റ് തസ്തികയിൽ സ്ഥിരനിയമനം നല്കി കില തളിപ്പറമ്പ് IPPL സെന്ററിൽ നിയമിതയായ ശ്രീമതി.സൂര്യജ്യോ ടിയാരിയുടെ മുൻസർവ്വീസിൽ ( കെ.എസ്.ആർ.ടി.സി ജൂനിയർ അസിസ്റ്റന്റ് ) ലഭ്യമായിരുന്ന അടിസ്ഥാന വേതനം (34700/- രൂപ) സംരക്ഷിച്ച് നല്കണമെന്ന അപേക്ഷ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിക്കുവാൻ തീരുമാനിച്ചു. ഈ വിവരം സർക്കാരിനെ അറിയിക്കാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി

ഐറ്റം .നം. 12

**സ്ഥിരനിയമനം – കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുവരുന്ന കോർ ഫാക്കൽറ്റി അംഗങ്ങളുടെ അപേക്ഷ സംബന്ധിച്ച്**

കിലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുവരുന്ന ഡോ.ജിബിനി.വി.കുര്യൻ, അസിസ്റ്റന്റ് പ്രൊഫസർ (മാനേജ്മെന്റ്), ഡോ.വിനോദ്.എസ്, അസി.പ്രൊഫസർ (റൂറൽ സോഷ്യോളജി), ശ്രീമതി.വിനീത.എം., ലക്ചറർ( വുമൺ & ചൈൽഡ് ഡെവലപ്മെന്റ്) എന്നിവർ അവർ നിലവിൽ ജോലി ചെയ്തു വരുന്ന തസ്തികകളിൽ സ്ഥിരനിയമനം നല്കണമെന്ന് അഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ പകർപ്പ് **അനുബന്ധം 6** ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കില-സി.എച്ച്.ആർ.ഡിയിൽ (മുൻ എസ്സ്.ഐ.ആർ.ഡി) കരാർ അടിസ്ഥാനത്തിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ഫാക്കൽറ്റി അംഗങ്ങളുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട തീയതി |
|---|---|---|---|
| 1. | ഡോ.വിനോദ്.എസ്സ് | അസ്സിസ്റ്റന്റ് പ്രൊഫസർ (റൂറൽ സോഷ്യോളജി) | 29.01.2015 |
| 2 | ഡോ.ജിബിനി.വി.കുര്യൻ | അസ്സിസ്റ്റന്റ് പ്രൊഫസർ(മാനേജ്മെന്റ്) | 22.01.2015 |
| 3 | ശ്രീമതി.വിനീത.എം | ലക്ചറർ (വുമൺ & ചൈൽഡ് ഡവലപ്പ്മെന്റ്) | 21.11.2018 |

കേന്ദ്രഗ്രാമവികസനമന്ത്രാലയം അംഗീകരിച്ച ഏഴ് കോർ ഫാക്കൽറ്റി തസ്തികകളാണ് കില-സി.എച്ച്.ആർ.ഡി-യിലുള്ളത്. (1.പബ്ലിക് അഡ്മിനിസ്ട്രേഷൻ 2. മാനേജ്മെന്റ് 3.റൂറൽ സോഷ്യോളജി 4.റൂറൽ ഇക്കണോമിക്സ് 5.റൂറൽ ഡവലപ്പ്മെന്റ് 6.ഇൻഫർമേഷൻ ടെക്നോളജി 7.വുമൺ & ചൈൽഡ് ഡവലപ്പ്മെന്റ്) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവർക്കുള്ള വേതനം,യാത്രാബത്ത എന്നിവ പൂർണ്ണമായും കേന്ദ്ര ഗ്രാമവികസനമന്ത്രാലയത്തിൽ നിന്നുമാണ് അനുവദിക്കുന്നത്. സ്ഥിരനിയമനത്തിൽ സേവനമനുഷ്ഠിക്കുന്നവർക്ക് യു.ജി.സി ചട്ടപ്രകാരമുള്ള വേതനമാണ് നൽകി വരുന്നത്. നിലവിൽ രണ്ട് തസ്തികകളിലാണ്(Public Admn, Rural Economics) സ്ഥിരം ഫാക്കൽറ്റി അംഗങ്ങൾ ഉള്ളത്. ഫാക്കൽറ്റി (ഗ്രാമവികസനം) തസ്തികയിൽ Transfer & Posting രീതിയിലാണ് നിയമനം നടത്തിയിട്ടുള്ളത്.മൂന്നു തസ്തികകളിൽ (Rural Sociology, Management, Women &Child Development) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരാണ് ജോലി നോക്കി വരുന്നത്. (ഫാക്കൽറ്റി -ഇൻഫർമേഷൻ ടെക്നോളജി തസ്തിക യിൽ നിലവിൽ ഒഴിവുണ്ട്) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് സംസ്ഥാനം അംഗീകരിച്ച നിരക്കിലാണ് വേതനം നൽകിവരുന്നത്.(നിലവിൽ പ്രതിമാസം 44,020/- രൂപ)

കില-സി.എച്ച്.ആർ.ഡിയിൽ (മുൻ എസ്സ്.ഐ.ആർ.ഡി) നിലവിൽ ഒഴിവുണ്ടായിരുന്ന അംഗീകരിക്കപ്പെട്ട ഫാക്കൽറ്റി തസ്തികകളിലേക്ക് പൊതുഅപേക്ഷ ക്ഷണിച്ചതിൻപ്രകാരം നടത്തിയ തുടർപ്രക്രിയകളിലൂടെ യോഗ്യതകൾ പരിഗണിച്ച് കരാറടിസ്ഥാനത്തിൽ

മേൽത്തീയതികളിൽ നിയമനം നേടിയവരാണ് അപേക്ഷകർ. നിലവിൽ ടി തസ്തികകളിൽത്തന്നെ കരാർ പുതുക്കിക്കൊണ്ട് തുടരുകയുമാണ്. 07/08/2017 ൽ MoRD,GoI പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ (Lr No.M-13015/01/2014-Trg of MoRD,GoI dated 07.08.2017) കോർ ഫാക്കൽറ്റി അംഗങ്ങളുടെ നിയമനത്തിൽ കരാർ നിയമനങ്ങൾ അവസാനിപ്പിച്ച് സ്ഥിരനിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിച്ചിരുന്നു.(Clause 3(1) (a)). ആയത് 09/11/2018 തീയതിപ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. (Lr No.M-13015/01/2014-Trg of MoRD,GoI dated 09.11.2018). ഇൻസ്റ്റിട്യൂട്ടിൽ നിലവിലുള്ള ഫാക്കൽറ്റി തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരനിയമനം നടത്തിയാൽ സംസ്ഥാനത്തിന് പ്രത്യേകസാമ്പത്തിക ബാധ്യത ഉണ്ടാകില്ലെന്നും കാണാവുന്നതാണ്.

**കിലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഡോ.ജിബിനി.വി.കുര്യൻ, അസിസ്റ്റന്റ് പ്രൊഫസർ (മാനേജ്മെന്റ്) ,ഡോ.വിനോദ്.എസ്, അസി.പ്രൊഫസർ ( റൂറൽ സോഷ്യോളജി), ശ്രീമതി.വിനീത.എം., ലക്ചറർ( വുമൺ & ചൈൽഡ് ഡെവലപ്മെന്റ്) എന്നിവർ, അവർ നിലവിൽ ജോലി ചെയ്തു വരുന്ന തസ്തികകളിൽ സ്ഥിരം നിയമനം നല്കണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**കിലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ഡോ.ജിബിനി.വി.കുര്യൻ, അസിസ്റ്റന്റ് പ്രൊഫസർ (മാനേജ്മെന്റ്), ഡോ.വിനോദ്.എസ്, അസി.പ്രൊഫസർ (റൂറൽ സോഷ്യോളജി), ശ്രീമതി.വിനീത.എം., ലക്ചറർ (വുമൺ & ചൈൽഡ് ഡെവലപ്മെന്റ്) എന്നിവർ അവർ നിലവിൽ ജോലി ചെയ്തു വരുന്ന തസ്തികകളിൽ സ്ഥിരനിയമനം നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷ സർക്കാരിന്റെ തീരുമാനത്തിന് അനുസ്യൂതമായി നടപടികൾ എടുക്കുന്നതിനായി അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള തീരുമാനത്തിനായി ഗവേണിംഗ് കൗൺസിൽ മുമ്പാകെ സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. തുടർ നടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി.**

ഐറ്റം .നം. 13

**അസിസ്റ്റന്റ് തസ്തിക ഗ്രേഡ് 1 തസ്തികയിലേക്ക് ശ്രീ.ജിജിലേഷിന് സ്ഥാനക്കയറ്റം നല്കിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്**

കില സി.എച്ച് .ആർഡിയിൽ നിലവിൽ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ്ഗ്രേഡ് – II (ശമ്പളസ്കെയിൽ– Rs.20000–45800 –രണ്ടൊഴിവ്), അസിസ്റ്റന്റ് ഗ്രേഡ് –I (25200–54000–1 എണ്ണം) തസ്തികകളിലേക്ക് സ്ഥിരനിയമനം നടത്തുന്നതിലേക്കായി തദ്ദേശ ഭരണവകുപ്പ്/ വിവിധബോർഡുകൾ/ കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥിരം നിയമനം ലഭിച്ചിട്ടുള്ളതും സമാനതസ്തികയിലും സമാന സ്കെയിലിലും ജോലി ചെയ്തുവരുന്ന യോഗ്യരായ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു.ലഭ്യമായ അപേക്ഷകരിൽ യോഗ്യരായവരെ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ഒന്നാം റാങ്കിനുടമയായ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ ജീവനക്കാരനായിരുന്ന ശ്രീ.ജിജിലേഷ്, തറയിൽ ഹൌസ്, പുന്നയൂർക്കുളം.പി.ഒ, തൃശ്ശൂർ –ന് കിലയിൽ നിലവിലുള്ള സർവീസ് ചട്ടങ്ങൾ പ്രകാരം അസിസ്റ്റന്റ് തസ്തികയിൽ (ശമ്പളസ്കെയിൽ– Rs.20000–45800) നിയമനത്തിനായി അറിയിപ്പ് നൽകുകയും 11.09.2020 FN –ൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. മുൻസർവ്വീസിൽ ലഭിച്ചിരുന്ന വേതനത്തേക്കാൾ കുറവ് ശമ്പളമാണ് ലഭിക്കുന്നതെന്നും 25200–54000 വേതനസ്കെയിലുള്ള തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും ആയതിനാൽ നിലവിലുള്ള അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേക്ക് (25200–54000) നിയമനം നൽകണമെന്നും സൂചിപ്പിച്ച് ശ്രീ.ജിജിലേഷ് കില, ഡയറക്ടർ ജനറൽ മുമ്പാകെ 09.03.2021 തീയതിപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു (**അനുബന്ധം– 7**). അപേക്ഷ പരിശോധിച്ച് ആവശ്യം പരിഗണനാർഹമെന്ന് കണ്ട് 22,200 (BP) +4,440 (DA 20%) +1,250 (HRA) = 27,890/– നിരക്ക് മുൻകാല പ്രാബല്യത്തോടെ (11/09/2020 മുതൽ) അനുവദിച്ചു നൽകുന്നതിനും പ്രൊബേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് 25200–54000 വേതന നിരക്കിലുള്ള അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേക്ക് സീനിയോറിറ്റി പരിഗണിച്ച് പ്രൊമോഷൻ നൽകാവുന്നതാണെന്നും കില ഡയറക്ടർ ജനറലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25.09.2022 ലെ 2019/101/6544/സി.എച്ച്.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ടിയാൻ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ (11/09/2020) 20000–45800 ശമ്പളസ്കെയിലിൽ അടിസ്ഥാന ശമ്പളം 22,200/– രൂപയായി വർദ്ധിപ്പിച്ച് നല്കി .ശ്രീ.ജിജിലേഷ് പ്രൊബേഷൻ പൂർത്തികരിച്ച തീയതിയായ 11.9.2022 FN മുതൽ യോഗ്യത കൂടി പരിഗണിച്ച്, 25200–54000 ശമ്പളസ്കെയിലിൽ നിലവിൽ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് ഗ്രേഡ് –1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. **ശ്രീ.ജിജിലേഷിന്റെ അപേക്ഷ പരിഗണിച്ച് നിയമനത്തീയതി മുതൽ മുൻസർവ്വീസിലെ വേതനം ലഭിക്കും വിധത്തിൽ 11.09.2020 മുതൽ അടിസ്ഥാനവേതനം നിശ്ചയിച്ചു നൽകുകയും തുടർന്ന് യോഗ്യത കൂടി പരിഗണിച്ച് നിലവിൽ ഒഴിവുണ്ടായിരുന്ന അസിസ്റ്റന്റ് ഗ്രേഡ് 1 തസ്തികയിലേക്ക് 11.9.2022 FN ന് സ്ഥാനക്കയറ്റം നല്കുകയും ചെയ്ത നടപടി സാധൂകരണത്തിനും അംഗീകാരത്തിനുമായി കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**അസിസ്റ്റന്റ് തസ്തിക ഗ്രേഡ് 1 തസ്തികയിലേക്ക് ശ്രീ.ജിജിലേഷിന് സ്ഥാനക്കയറ്റം നല്കിയ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ചു. പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കുവാൻ കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി**

**യോഗം രാവിലെ 11. 40 ന് അവസാനിച്ചു.**

Saradaly

**ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് കമ്മിറ്റി**